I. ഇ.ബി. XII-കേരള നിയമസഭ/XIV-5

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 മാർച്ച് 4, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ ന്യൂനപക്ഷ പദവി

മി. സ്പീക്കർ: ഭരണഘടനാവിരുദ്ധമെന്ന് കണ്ട് ഹൈക്കോടതി റദ്ദാക്കിയ 2006-ലെ സ്വാശ്രയ പ്രൊഫഷണൽ കോളേജ് നിയമത്തിലെ 8-ാം വകുപ്പിൽ വ്യവസ്ഥ ചെയ്യുന്ന നിബന്ധനകൾ അനുസരിച്ച് സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളുടെ ന്യൂനപക്ഷ പദവി തീരുമാനിക്കണമെന്ന് 5-2-2010-ൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ്മൂലം സംസ്ഥാനത്ത് ഉളവായി ട്ടുള്ളതായി പറയപ്പെടുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ കെ.എം. മാണി, കെ.സി. ജോസഫ്, സി.ടി. അഹമ്മദ് അലി, കെ.കെ. ഷാജു, കെ.ബി. ഗണേഷ്കുമാർ എന്നീ അംഗങ്ങൾ റൂൾ 50 അനുസ രിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): 5-2-2010-ലെ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുമ്പ്തന്നെ സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളുടെ ന്യൂനപക്ഷ പദവി നിർണ്ണയിക്കുന്നതിനുള്ള കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടായിരുന്നു. ഹൈക്കോടതി റദ്ദാക്കിയ വകുപ്പുകളെ ആസ്പദമാക്കിവേണം ന്യൂനപക്ഷ പദവി തീരുമാനിക്കേണ്ടതെന്നുള്ള വ്യവസ്ഥയൊന്നും അന്ന് ആ കമ്മിറ്റി മുമ്പാകെ ഉണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ അതേ കമ്മിറ്റി അതേ വ്യവസ്ഥ പ്രകാരം വീണ്ടും തുടരണമെന്നുള്ള ഉത്തരവ് നൽകാനാണ് ഉന്നത വിദ്യാഭ്യാസ വകുപ്പിന് മന്ത്രി നിർദ്ദേശം നൽകിയത്. ഹൈക്കോടതി റദ്ദാക്കിയ വ്യവസ്ഥകൾ മാറ്റിവച്ചുകൊണ്ട് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ന്യൂനപക്ഷ പദവി തീരുമാനിക്കണമെന്ന നിലയിലാണ് ജസ്റ്റിസ് മുഹമ്മദ് കമ്മിറ്റി പ്രവർത്തിച്ചിരുന്നത്. അതേ കമ്മിറ്റി അതേ വ്യവസ്ഥകൾ നിലനിറുത്തിക്കൊണ്ട് വീണ്ടും തുടരും എന്ന നിലയിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനു പകരം ഹൈക്കോടതി വേണ്ടെന്നുവച്ച വ്യവസ്ഥകൾകൂടി മാനദണ്ഡമാക്കണമെന്ന് കൂട്ടിച്ചേർത്ത് ഗവൺമെന്റ് ഉത്തരവ് ഇറക്കിയത് തെറ്റാണെന്ന് ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ അത് തിരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ വിഷയം അടിയന്തിരപ്രമേയമായി ഉന്നയിക്കുന്നതിനു പോലും യാതൊരു പ്രസക്തിയുമില്ല.

ശ്രീ. കെ.എം. മാണി : ഹൈക്കോടതി അൾട്രാവൈറസ്, അൺകോൺസ്റ്റിറ്റ്യൂഷണലാണെന്നു പറഞ്ഞ വകുപ്പുകൾ അനുസരിച്ച് വീണ്ടും ന്യൂനപക്ഷ പദവി നിശ്ചയിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 5-2-2010-ൽ ഇറക്കിയ സർക്കാർ ഉത്തരവ് സംബന്ധിച്ച വിഷയം ഇന്ന് അടിയന്തിര പ്രമേയമായി ഈ സഭയിൽ പ്രതിപക്ഷം കൊണ്ടുവരുമെന്ന് മനസ്സിലാക്കിയതുകൊണ്ടാണ്

ഇതുസംബന്ധിച്ച് ഇറക്കിയ സർക്കാർ ഉത്തരവ് ഇന്നലെ പിൻവലിച്ചത്. ഒരിക്കലും ഒരു ഗവൺമെന്റും ഇങ്ങനെ ചെയ്യാൻ പാടില്ല.

ശ്രീ. ജി. കാർത്തികേയൻ : 5-2-2010-ലെ ഉത്തരവ് പിൻവലിച്ചുകൊണ്ട് ഉത്തരവ് ഇറക്കിയിട്ടുണ്ടെങ്കിൽ അതിന്റെ കോപ്പി സഭയുടെ മേശപ്പുറത്ത് വയ്ക്കണം.

ശ്രീ. എം.എ. ബേബി: ഉത്തരവിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുകയാണ്.

മി. സ്പീക്കർ: വിദ്യാഭ്യാസ വകുപ്പുമന്ത്രി സമർപ്പിച്ച രേഖയുടെ പകർപ്പ് അംഗങ്ങൾക്ക് തരുന്നതാണ്.

ശ്രീ. ജി. കാർത്തികേയൻ : ഇന്നലെ ഇറക്കിയെന്നു പറയുന്ന ഉത്തരവ് മേശപ്പുറത്ത് വയ്ക്കാൻ കഴിഞ്ഞില്ലെങ്കിൽ ആദ്യത്തെ ഉത്തരവ് നിലനിൽക്കും. ഇപ്പോൾ പഴയ ഉത്തരവാണ് നിലനിൽക്കുന്നത്.

(ഉത്തരവിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കാത്തതിൽ പ്രതിഷേധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭയുടെ നടുത്തളത്തിലിറങ്ങി സഭാനടപടികൾ തടസ്സപ്പെടുത്തിയതിനെത്തുടർന്ന് സഭ രാവിലെ 9.54-ന് നിറുത്തിവയ്ക്കുകയും 10.43-ന് വീണ്ടും സമ്മേളിക്കുകയും ചെയ്തു.)

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ജഡ്ജ്മെന്റിനെ ധിക്കരിച്ചും ന്യൂനപക്ഷാവകാശങ്ങളെ മറികടന്നും 5-2-2010-ൽ ഗവൺമെന്റ് പുറപ്പെടുവിച്ച ജി.ഒ. ഇപ്പോഴും നിലനിൽക്കുകയാണ്. വിദ്യാഭ്യാസവകുപ്പുമന്ത്രി പ്രസ്തുത ജി.ഒ റദ്ദ് ചെയ്തുകൊണ്ട് പുതിയ ജി.ഒ. ഇന്നലെ ഇഷ്യു ചെയ്തതായി നിയമസഭയിൽ പറയുകയുണ്ടായി. നിലവിലുള്ള ഒരു ജി.ഒ റദ്ദ് ചെയ്യണമെങ്കിൽ

മറ്റൊരു ജി.ഒ. ഇഷ്യൂ ചെയ്തിരിക്കണം. അങ്ങനെ ജി.ഒ. ഇഷ്യു ചെയ്തിട്ടില്ല. ഇന്നലെ ഇഷ്യു ചെയ്ത ജി.ഒ. യഥാർത്ഥ ജി.ഒ. അല്ലെന്ന് പരിശോധനയിൽ വ്യക്തമായ സാഹചര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കറെ അറിയിക്കാതെ, പ്രതിപക്ഷത്തിന് സംസാരിക്കാൻ അവസരം നൽകാതെ, ഇറക്കാത്ത ഉത്തരവ് ഇറക്കിയെന്ന് നിയമസഭയെ തെറ്റിദ്ധരിപ്പിച്ച് നിയമസഭയോട് അനാദരവ് കാണിച്ചിരിക്കുന്നതിനാൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഖേദം പ്രകടിപ്പിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി):</u> 2006-ലെ സ്വാശ്രയ നിയമത്തിലെ 8-ാം വകുപ്പിന്റെ (ബി, സി) ഉപ വകുപ്പുകൾ ഹൈക്കോടതി അസാധുവാക്കിയ സാഹചര്യത്തിൽ പ്രസ്തുത വകുപ്പിനെ ആസ്പദമാക്കിക്കൊണ്ടുവേണം ന്യൂനപക്ഷപദവി നിശ്ചയിക്കാനെന്ന ഒരു ജി.ഒ പുറപ്പെടുവിച്ചത് തെറ്റാണെന്നാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്നത്. ഗവൺമെന്റ് ഈ വിഷയം വിശദമായി പരിശോധിക്കുകയും ജി.ഒ തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തു. സർക്കാർ കത്തിലെ തീരുമാനത്തിന് വിരുദ്ധമായി ജി.ഒ. പുറപ്പെടുവിക്കാനിടയായത് തെറ്റായിരുന്നുവെന്ന് കാണുന്ന സാഹചര്യത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തി ജി.ഒ. പുറപ്പെടുവിക്കണം എന്നതായിരുന്നു ഉത്തരവിന്റെ പ്രസക്ത ഭാഗം. വകുപ്പുമന്ത്രിയുടെ ഉത്തരവ് ഇന്നലെ തന്നെ രേഖാമൂലം പുറപ്പെടുവിച്ചു കഴിഞ്ഞു. .ഈ സഭയിൽ ഉന്നയിക്കുന്ന വിഷയത്തിൽ ഗവൺമെന്റ് വ്യക്തമായ തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിക്കാനുള്ള നിർദ്ദേശവും കൊടുത്തുകഴിഞ്ഞു. അങ്ങനെ പറഞ്ഞപ്പോൾ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കാൻ നിർദ്ദേശം നൽകി എന്ന ധാരണ സൃഷ്ടിക്കപ്പെട്ടതിൽ ഖേദമുണ്ട്. സഭയെ തെറ്റിദ്ധരിപ്പിക്കാനുള്ള യാതൊരു ശ്രമവും നടന്നിട്ടില്ല.

ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട ഉടനെത്തന്നെ തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിക്കാൻ നിർദ്ദേശിക്കുക മാത്രമല്ല ഉത്തരവ് പുറപ്പെടുവിക്കാനിടയായ സാഹചര്യം, ഏതെല്ലാം ഉദ്യോഗസ്ഥർക്ക് ഇതിൽ പങ്കുണ്ട് എന്നിവ പരിശോധിക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വളരെ വ്യക്തമായ നിലപാടുണ്ട്. ഗവൺമെന്റിന് ഇതിനകത്ത് യാതൊന്നും ഒളിച്ചുവയ്ക്കാനില്ല. സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

**ശ്രദ്ധക്ഷണിക്കൽ**

(1) ദേശീയപാത വികസനം

ശ്രീ. പി.കെ. അബ്ദുറബ്ബ്: മലപ്പുറം ജില്ലയിൽ ദേശീയപാതയുടെ വികസനത്തിന് 45 മീറ്റർ വീതിയിൽ ഇരുവശത്തുനിന്നും സ്ഥലമെടുക്കുന്നത് ജില്ലയിലുടനീളം ജനകീയ പ്രക്ഷോഭത്തിന് വഴിയൊരുക്കിയിരിക്കുകയാണ്. അവിടത്തെ ജനങ്ങൾ കുടിയൊഴിപ്പിക്കൽ ഭീഷണിയിലാണ്. നാലുവരി പാതയ്ക്കുവേണ്ടി 45 മീറ്റർ വീതിയിൽ സ്ഥലമെടുക്കുന്നതിനേയും അശാസ്ത്രീയമായ അലൈൻമെന്റിനേയും ബി.ഒ.ടി സമ്പ്രദായത്തേയുമാണ് ജനങ്ങൾ എതിർക്കുന്നത്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ രണ്ട് ഘട്ടങ്ങളിലായി 25 പദ്ധതികൾ പൂർത്തീകരിക്കുകയും ടോൾ പിരിക്കുകയും ചെയ്യുന്നുണ്ട്. മൂന്നാം ഘട്ടം മുതലാണ് നാഷണൽ ഹൈവേ അതോറിറ്റി നേരിട്ട് പദ്ധതി നടപ്പിലാക്കേണ്ടതില്ലെന്നും സ്വകാര്യപങ്കാളിത്തത്തോടെ ബി.ഒ.ടി അടിസ്ഥാനത്തിൽ മതിയെന്നും തീരുമാനിച്ചത്. നാലുവരി പാതയാക്കാൻ 30 മീറ്റർ സ്ഥലം മതിയെന്നാണ് നാഷണൽ ഹൈവേ അതോറിറ്റിയും കേന്ദ്ര

സർക്കാരും പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് ഈ റോഡ് 30 മീറ്ററിൽ പരിമിതപ്പെടുത്തുകയും നിലവിലുള്ള റോഡിന്റെ ഇരുഭാഗത്തുനിന്നും തുല്യ വീതിയിൽ ഭൂമി ഏറ്റെടുത്തും നഷ്ടപരിഹാരത്തുക നേരത്തെ വിതരണം ചെയ്തും കെട്ടിടങ്ങളും വ്യാപാരസ്ഥാപനങ്ങളും പുനർനിർമ്മിക്കാൻ കഴിയുന്ന വിധത്തിൽ കോമ്പൻസേഷൻ നൽകിയും കുടിയൊഴിപ്പിക്കുന്നവരുടെ പുനരധിവാസം ഉറപ്പുവരുത്തിയും ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ചരിത്ര സ്മാരകങ്ങൾ എന്നിവ ഒഴിവാക്കിക്കൊണ്ടുള്ള അലൈൻമെന്റ് ഉണ്ടാക്കിയും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ മലപ്പുറം ദേശീയ പാതയുടെ വികസന പ്രവർത്തനങ്ങൾ നടത്താൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): മലപ്പുറം ജില്ലയിലൂടെ കടന്നുപോകുന്ന ദേശീയപാത-17 നാലുവരിപ്പാതയാക്കി ദേശീയ പാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റോഡിന് നിലവിൽ 15 മീറ്റർ വീതിയേയുള്ളു. നാലുവരി പാതയാക്കി വികസിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ളത് 60 മീറ്ററാണ്. കേരളത്തിലെ വർദ്ധിച്ച ജനസംഖ്യ കണക്കിലെടുത്ത് കേരള സർക്കാരിന്റെ പ്രത്യേക ആവശ്യപ്രകാരം 45 മീറ്ററായി പരിമിതപ്പെടുത്തിയിട്ടുണ്ട്. കയറ്റിറക്കങ്ങൾ കുറച്ചും വളവുകൾ നിവർത്തിയും റോഡുകൾ പുനർനിർമ്മിക്കേണ്ടതുണ്ട്. അലൈൻമെന്റിനെ സംബന്ധിച്ച് പറഞ്ഞിരിക്കുന്നത് സ്ഥലമെടുപ്പ് മുപ്പത് മീറ്ററാക്കി കുറയ്ക്കുക, ബൈപ്പാസ്സുകളുടെ എണ്ണം കുറയ്ക്കുക, ബി.ഒ.ടി വ്യവസ്ഥ പിൻവലിക്കുക, സ്ഥലത്തിന് നഷ്ട പരിഹാരം നൽകുക,. ആരാധനാലയങ്ങൾ, സ്കൂളുകൾ എന്നിവയെ സ്ഥലമെടുപ്പിൽ നിന്ന് ഒഴിവാക്കുക, . ഇപ്പോഴുള്ള അലൈൻമെന്റ് ഒഴിവാക്കി ജനസാന്ദ്രത കുറഞ്ഞ

പ്രദേശത്തുകൂടി റോഡ് നിർമ്മിക്കുക എന്നാണ്. സ്ഥലമെടുപ്പും കുടിയൊഴിപ്പിക്കലും സുഗമമാക്കാൻ ഫാസ്റ്റ് ട്രാക്ക് പ്രോജക്ടിൽ ഉൾപ്പെടുത്തി സ്ഥലവും കെട്ടിടവും നഷ്ടപ്പെടുന്നതിന് മതിയായ നഷ്ടപരിഹാരം ഉറപ്പുവരുത്തുന്നതാണ്. കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള നിയമ പ്രകാരം നാഷണൽ ഹൈവേയ്ക്കായി കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് കുടിയൊഴിപ്പിക്കുന്നവർക്ക് മതിയായ പുനരധിവാസ പദ്ധതി നടപ്പിലാക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

(2) മലയോര കർഷകർക്ക് പട്ടയം നൽകൽ

ശ്രീ. എസ്. രാജേന്ദ്രൻ:: 1977-ന് മുൻപ് ഭൂമി കൈവശം വച്ചനുഭവിക്കുന്ന മലയോര കർഷകർക്ക് പട്ടയം നൽകാൻ നടപടി സ്വീകരിക്കണം. നേരത്തെ കൊടുത്തിട്ടുള്ള പട്ടയ ഭൂമിക്ക് കരം സ്വീകരിക്കാത്തതുകൊണ്ട് ഭൂമി ക്രയവിക്രയം ചെയ്യുന്നതിനോ ലോൺ എടുക്കുന്നതിനോ സാധിക്കുന്നില്ല. മലയോര കർഷകർ താമസിക്കുന്ന ഭൂമിക്ക് പട്ടയം ലഭ്യമാക്കുകയും ലഭിച്ച പട്ടയങ്ങൾ റെഗുലറൈസ് ചെയ്ത് കരം സ്വീകരിക്കുകയും ചെയ്യണം.

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : 1-1-1977-നുമുൻപ് വനഭൂമിയിൽ താമസിക്കുന്നവർക്ക് നിയമാനുസൃത പരിരക്ഷ നൽകുന്നതിന് 1995-ൽ 28,588.15 ഹെക്ടർ ഭൂമിക്ക് നിബന്ധനകളോടുകൂടി പട്ടയം നൽകുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകി. ചട്ടപ്രകാരം പട്ടയം നൽകി തുടങ്ങിയപ്പോൾ ആ നടപടി ചോദ്യം ചെയ്തുകൊണ്ട് നാചറൽ അഫയേഴ്സ് മൂവ്മെന്റ് എന്ന സംഘടന ആദ്യം ഹൈക്കോടതിയേയും തുടർന്ന് സുപ്രീംകോടതിയേയും സമീപിച്ചു. അതിനെതിരെ റവന്യു-വനം വകുപ്പുകൾ ജോയിന്റ് അഫിഡവിറ്റ് ഫയൽ ചെയ്ത് സംസ്ഥാന

ഗവൺമെന്റിന് അനുകൂലമായ വിധി നേടിയെടുത്തു. ഇടുക്കി ജില്ലയിൽ മാത്രം നിബന്ധനകൾ മാറ്റി 8400-ഓളം പട്ടയം നൽകിക്കഴിഞ്ഞു. മറ്റ് ജില്ലകളിലും പട്ടയം കൊടുക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആയിരക്കണക്കിന് ആൾക്കാർക്ക് പൊസഷൻ സർട്ടിഫിക്കറ്റോ മറ്റ് രേഖകളോ കിട്ടാത്തതിനാൽ കുട്ടികളുടെ വിദ്യാഭ്യാസമുൾപ്പെടെയുള്ള പല കാര്യങ്ങളിലും പ്രയാസം അനുഭവിക്കുന്നത് മനസ്സിലാക്കി ഗവൺമെന്റ് അതുസംബന്ധിച്ച ഉത്തരവ് ഇറക്കിയിട്ടുണ്ട്. കെ.ഡി.എച്ച്. വില്ലേജിലടക്കമുള്ളവർക്ക് കൊടുത്ത പട്ടയത്തിൽ വാലിഡാണെന്ന് കണ്ടെത്തിയതിന് നികുതി സ്വീകരിക്കാൻ നടപടി എടുത്തിട്ടുണ്ട്.

2009- ലെ സാമ്പത്തിക അവലോകനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയുടെ മേശപ്പുറത്തുവച്ചു.

**സബ്മിഷൻ**

(1) പാലം പണിയുടെ പൂർത്തീകരണം

ശ്രീ. കെ. കുഞ്ഞിരാമൻ: തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ വലിയപറമ്പ പഞ്ചായത്തിലെ വെള്ളാപ്പ്-ഇടയിലക്കാട് പാലം പണി അടിയന്തിരമായി പൂർത്തീകരിച്ച് യാത്രാ ക്ലേശം പരിഹരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി.ജെ ജോസഫ്) : തൃക്കരിപ്പൂർ മണ്ഡലത്തിലെ വെള്ളാപ്പ്-ഇടയിലക്കാട് പാലത്തിന്റെ നിർമ്മാണത്തിന് 680 ലക്ഷം രൂപയുടെ ഭരണാനുമതിയും 780 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ട്. എസ്റ്റിമേറ്റിനേക്കാൾ 5.3 ശതമാനം കുറഞ്ഞ നിരക്കിൽ കെ.കെ. കൺസ്ട്രക്ഷൻ പ്രവൃത്തി ഏറ്റെടുത്തെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ പണി നിർത്തിവച്ചു. 14-8-09-ലെ സർക്കാർ ഉത്തരവ്

പ്രകാരം സ്റ്റിമുലസ് പാക്കേജിൽ ഉൾപ്പെടുത്തി ശേഷിക്കുന്ന പണികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

## (2) ഹൈമവതിയുടെ കൊലപാതകം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : 26-2-2010-ൽ തൃശ്ശൂരിൽ പൂങ്കുന്നത്ത് ഫ്ളാറ്റിൽ താമസിച്ചിരുന്ന 80 വയസ്സുള്ള ഹൈമവതിയെ ഹോം നേഴ്സ് കൊലപ്പെടുത്തിയ പശ്ചാത്തലത്തിൽ ഹോം നഴ്സ് റിക്രൂട്ടിംഗ് ഏജൻസികളെ നിയന്ത്രിക്കാൻ ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ): പൂങ്കുന്നത്തുള്ള ഫ്ളാറ്റിന്റെ രണ്ടാം നിലയിൽ താമസിച്ചിരുന്ന 80 വയസ്സുള്ള ഹൈമാവതി 26-2-2010-ന് അവരുടെ കിടപ്പുമുറിയിൽ മരണപ്പെട്ട സംഭവത്തിനുത്തരവാദിയായ ഹോംനേഴ്സിനെ അറസ്റ്റ് ചെയ്ത് നിയമനടപടികൾക്ക് വിധേയമാക്കിയിട്ടുണ്ട്. ഹോം നഴ്സുമാരെ കൊടുക്കുന്ന സേവന ദാതാക്കളെ നിയന്ത്രിക്കാൻ നിയമ നിർമ്മാണം നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. ഹോം നഴ്സുകളെ നൽകുന്ന ഏജൻസികൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന് ഡി.ജി.പി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെയുള്ള സേവനദാതാക്കളുടെ മുൻകാല ചെയ്തികളെക്കുറിച്ച് മനസ്സിലാക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും ഇത്തരത്തിലുള്ള സേവനങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ നൽകുന്നവരുടെ ലിസ്റ്റ് തയ്യാറാക്കുന്നതാണ്. റിക്രൂട്ടിംഗ് ഏജൻസികൾ നൽകുന്ന ഹോം നഴ്സ്മാരുടെ പേരും അഡ്രസ്സും ഫോട്ടോയും തിരിച്ചറിയൽ രേഖകളും ഉൾപ്പെടുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കാൻ സേവനദാതാക്കളോട് നിഷ്ക്കർഷിക്കുന്നതാണ്. അവർ ഏർപ്പെടുത്തി നൽകുന്ന ആളുകൾക്ക് ക്രിമിനൽ പശ്ചാത്തലമില്ലെന്ന് ഉറപ്പു വരുത്തേണ്ട ബാധ്യത അവരെ റിക്രൂട്ട്

ചെയ്യുന്ന സേവന ദാതാക്കൾക്കുണ്ട് എന്ന് ഉറപ്പ് വരുത്താൻ ദാതാവും തമ്മിൽ ഒരു ഉടമ്പടിയിൽ ഏർപ്പെടണമെന്ന് സേവനം സ്വീകരിക്കുന്ന എല്ലാ വീട്ടുകാരേയും ഓർമ്മപ്പെടുത്തുവാനും ഉപദേശിക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. സംശയകരമായ സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷണം നടത്താൻ പോലീസിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(3) <u>പുതിയ കോഴ്സുകൾ അനുവദിക്കൽ</u>

<u>ശ്രീ. ബി.ഡി. ദേവസ്സി</u>: ചാലക്കുടിയിലെ പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ എം.എസ്.സി. മാത്തമാറ്റിക്സ്, എം.എ. ഇംഗ്ലീഷ്, ബി.എസ്.സി. ഫിസിക്സ് എന്നീ കോഴ്സുകൾ പുതുതായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി)</u>: പുതുതായി കോഴ്സുകൾ ആരംഭിക്കേണ്ട കോളേജുകളെ സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടറോട് റിപ്പോർട്ട് ആരാഞ്ഞിട്ടുണ്ട്. ആ റിപ്പോർട്ട് പരിഗണിക്കുന്ന കൂട്ടത്തിൽ ചാലക്കുടി കോളേജിന്റെ കാര്യവും പരിഗണിക്കുന്നതാണ്.

(4) <u>റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം</u>

<u>ശ്രീ. തോമസ് ചാഴികാടൻ</u>: ഏറ്റുമാനൂർ നിയോജകമണ്ഡലത്തിലെ കാരിത്താസ് റെയിൽവേ മേൽപ്പാലത്തിന്റെ പണി എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് യാത്രാക്ലേശം പരിഹരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. പി.ജെ.ജോസഫ്</u>): കാരിത്താസ് റെയിൽവേ മേൽപ്പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ഏകദേശം 70 സെന്റ് സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. 130 ലക്ഷം രൂപ

കണക്കാക്കി 2007-2008 ബഡ്ജറ്റിൽ പ്രസ്തുത വർക്കിനായി 5 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയെങ്കിലും 2009-2010 -ലെ ബജറ്റിൽ തുക ഉൾപ്പെടുത്തിയിട്ടില്ല. ബഡ്ജറ്റിൽ തുക വകയിരുത്തുന്ന മുറയ്ക്ക് മേൽപ്പാലത്തിന്റെ പണി ആരംഭിക്കുന്നതാണ്.

(5) വീടുകൾക്ക് നമ്പർ ലഭ്യമാക്കൽ

ശ്രീ. കെ.കെ. ജയചന്ദ്രൻ: ഇടുക്കി ജില്ലയിൽ നെടുങ്കണ്ടം പഞ്ചായത്തിൽപ്പെട്ട വീടുകൾക്ക് കൈവശാവകാശരേഖ ഇല്ലാത്തതിനാൽ നമ്പറിടുന്നതിന് കഴിയുന്നില്ല. 1993-ൽ താൽക്കാലികമായി നമ്പറിട്ട് നൽകിയെങ്കിലും അത് റെഗുലറൈസ് ചെയ്തിട്ടില്ല. പുതിയ ബിൽഡിംഗ് റൂൾ അനുസരിച്ച് താൽക്കാലികമായി നമ്പറിട്ട വീടുകൾക്ക് സ്ഥിരമായി നമ്പറിടുന്നതിന് കൈവശാവകാശരേഖ ആവശ്യമാണ്. ആയതിനാൽ ഭൂമിയുമായി ബന്ധപ്പെട്ട ഇത്തരം പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): ഇടുക്കി ജില്ലയിൽ വിതരണം ചെയ്തിട്ടുള്ള പട്ടയങ്ങൾ സംബന്ധിച്ചും മറ്റും അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് പൊസഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിന് കർശന നിയന്ത്രണം ഏർപ്പെടുത്തിയത്. ഇക്കാര്യത്തിലുണ്ടാകുന്ന കാലതാമസംമൂലം വീട് വയ്ക്കുന്നതിനും വൈദ്യുതി കണക്ഷൻ എടുക്കുന്നതിനും മറ്റും ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ ആവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ അർഹതപ്പെട്ട പലർക്കും ആനുകൂല്യം നഷ്ടപ്പെടുന്നതിനാൽ കുറേക്കൂടി വ്യക്തത വരുത്തിക്കൊണ്ടുള്ള നിർദ്ദേശങ്ങൾ വീണ്ടും നൽകുന്നതായി

രിക്കും. പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് വീട് നമ്പർ അനുവദിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ വർഷങ്ങളായി താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് കൈവശാവകാശ സർട്ടിഫിക്കറ്റ്, നിജസ്ഥിതി സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതിനുള്ള ഉത്തരവ് നാളെത്തന്നെ പുറപ്പെടുവിക്കുന്നതാണ്.

(6) സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കൽ

ശ്രീമതി കെ.എസ്. സലീഖ: ഗുരുവായൂർ ദേവസ്വത്തിൻകീഴിൽ പ്രവർത്തിച്ചുവരുന്ന വാദ്യകലാ വിദ്യാലയത്തിലെ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ദേവസ്വവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ): ഗുരുവായൂർ ദേവസ്വത്തിന്റെ ചുമതലയിലുള്ള വാദ്യകലാവിദ്യാലയത്തിൽ നാദസ്വരം, തകിൽ, കൊമ്പ്, കുഴൽ, ചെണ്ട, മദ്ദളം, അഷ്ടപദി തുടങ്ങിയ വിവിധ വാദ്യോപകരണങ്ങൾ ഉൾപ്പെടെ മൂന്നു വർഷത്തെ കോഴ്സാണ് നടത്തിവരുന്നത്. അദ്ധ്യാപകരേയും പ്രിൻസിപ്പലിനേയും താൽക്കാലികാടിസ്ഥാനത്തിൽ മൂന്നു വർഷത്തേയ്ക്ക് മൊത്ത വേതനത്തിന്റെ അടിസ്ഥാനത്തിലാണ് നിയമിക്കുന്നത്. താൽക്കാലിക ജീവനക്കാരായതിനാൽ പെൻഷനും മറ്റാനുകൂല്യങ്ങളും ഇവർക്ക് ലഭിക്കുകയില്ല. സ്ഥിരം നിയമനത്തിനും മറ്റാനുകൂല്യത്തിനും വേണ്ടിയുള്ള അദ്ധ്യാപകരുടെ നിരന്തരമായ ആവശ്യം കണക്കിലെടുത്ത് തയ്യാറാക്കിയ റിപ്പോർട്ട് ഗുരുവായൂർ ദേവസ്വത്തിന്റെ ഭരണ സമിതി അംഗീകരിച്ച് ദേവസ്വം കമ്മീഷണറുടെ അനുമതി ലഭിച്ചാൽ മാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

(7) <u>ലാന്റ് റവന്യൂ വകുപ്പിലെ ഒഴിവുകൾ</u>

<u>ശ്രീ. ടി.എൻ. പ്രതാപൻ:</u> ലാന്റ് റവന്യൂ വകുപ്പിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ നികത്താൻ അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ)</u>: 2010 ഫെബ്രുവരിയിലെ കണക്കുപ്രകാരം ലാന്റ് റവന്യൂ വകുപ്പിൽ ജീവനക്കാരുടെ 160 ഒഴിവുകളാണുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഡെപ്യൂട്ടി കളക്ടർ, തഹസീൽദാർ, വില്ലേജ് ആഫീസർ അടക്കം 1076 തസ്തികകൾ നിർത്തലാക്കിയിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി 853 തസ്തികകൾ കൂടി സൃഷ്ടിച്ചിട്ടുണ്ട്. ഇനിയും കൂടുതൽ ജീവനക്കാരെ നിയമിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. മാർച്ച് 31-ന് കൂടുതൽ ജീവനക്കാർ വിരമിക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിന് സത്വര നടപടി സ്വീകരിക്കുന്നുണ്ട്. ജീവനക്കാരുടെ സീനിയോറിറ്റിയും പ്രൊമോഷനും സംബന്ധിച്ചുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന് കമ്മീഷണറേറ്റിൽ അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നുണ്ട്.

(8) <u>വാച്ചർമാരുടെ പ്രശ്നങ്ങൾ</u>

<u>ശ്രീ. ബാബുപോൾ:</u> വനത്തിനുള്ളിൽ ജോലി ചെയ്യുന്ന വാച്ചർമാർ ഉൾപ്പെടെ നാലായിരത്തോളം വരുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തണം. കഞ്ചാവു കൃഷിക്കാരുടെയും വന്യമൃഗങ്ങളുടെയും ആക്രമണത്തിൽ മരണമടയുന്ന തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകാനും തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ്, യൂണിഫോം, റേഷൻ ആനുകൂല്യങ്ങൾ, ഫെസ്റ്റിവൽ അലവൻസ് എന്നിവ അനുവദിക്കാനും മാസത്തിൽ എല്ലാ ദിവസവും ജോലി ലഭിക്കുന്നവിധം

തൊഴിലാളികളുടെ എണ്ണം ക്രമീകരിക്കാനും. വേതനം കുടിശ്ശിക കൂടാതെ നൽകാനും നടപടി സ്വീകരിക്കണം. അവർക്കായി ഒരു ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം ആരംഭിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): വനത്തിനുള്ളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം വേജസ് ആക്ട് അനുസരിച്ച് നൽകി വരുന്ന വേതനം കാലതാമസം കൂടാതെ നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഫെസ്റ്റിവൽ അലവൻസ്, തിരിച്ചറിയൽ കാർഡ്, യൂണിഫോം എന്നിവ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിലാളികളുടെ ഇൻഷ്വറൻസ് പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇവരുടെ വേതനം പുതുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ആനപ്പാപ്പാന്മാരെ സ്ഥിരപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(9) ബസ് ടെർമിനൽ നിർമ്മാണം

ശ്രീ. കെ. ശിവദാസൻ നായർ: കെ.എസ്.ആർ.ടി.സി.യും കെ.ടി.ഡി.എഫ്.സി.യും സംയുക്ത സംരംഭമായി പ്രഖ്യാപിച്ചതും പ്ലാൻ അംഗീകരിക്കപ്പെട്ടതുമായ പത്തനംതിട്ട കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തിയാക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ): എട്ട് കോടി രൂപയ്ക്ക് താഴെയുള്ള കെട്ടിട നിർമ്മാണങ്ങൾ കെ.എസ്.ആർ.ടി.സി. സ്വന്തം നിലയ്ക്കും അതിനുമുകളിൽ ചെലവ് വരുന്നവ കെ.എസ്.ആർ.ടി.സി.യും കെ.ടി.ഡി.എഫ്.സി.യും സംയുക്ത സംരംഭമായി ബി.ഒ.ടി. അടിസ്ഥാനത്തിലും ചെയ്യാനാണ് ധാരണ. ഈ രീതിയിൽ നിർമ്മാണം പൂർത്തിയാക്കുന്ന പ്രോജക്ടുകളിൽ നിന്ന് നിക്ഷേപം തിരിച്ചു കിട്ടുന്ന

മുറയ്ക്ക് മാത്രമേ കെ.ടി.ഡി.എഫ്.സി.ക്ക് മറ്റ് പ്രോജക്ടുകൾ ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ. പത്തനംതിട്ട കെ.എസ്.ആർ.ടി.സി. ടെർമിനലിന് ചീഫ് ടൗൺ പ്ലാനറുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. എത്രയുംവേഗം ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(10) ദേശീയ പാത നാലുവരിപ്പാതയാക്കൽ

ശ്രീ. കെ. ടി. ജലീൽ: നിർദ്ദിഷ്ട നാഷണൽ ഹൈവേ പാതയുടെ വീതി 45 മീറ്റർ എന്നത് 30 മീറ്ററാക്കുന്നതിനും കുടിയൊഴിപ്പിക്കുന്നവരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിനും ഏറ്റെടുക്കുന്ന ഭൂമിയുടെ ഉടമകൾക്ക് ന്യായ വില നൽകുന്നതിനും നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): ഒരു കോംപ്രമൈസിലൂടെയാണ് കേന്ദ്രസർക്കാർ എൻ.എച്ച്. 17-ന്റെ വീതി 60 മീറ്റർ വേണമെന്നത് 45 മീറ്റർ എന്നാക്കിയത്. കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്ന് അനുഭാവപൂർവ്വമായ നീക്കമുണ്ടെങ്കിൽ അത് വീണ്ടും 30 മീറ്റർ ആക്കി ചുരുക്കാനാവശ്യപ്പെടുന്നതിനെപ്പറ്റി ആലോചിക്കുന്നതാണ്. കേരളത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ടുവേണം കുടിയൊഴിപ്പിക്കുന്നവരുടെ പുനരധിവാസം സംബന്ധിച്ച തീരുമാനം കൈക്കൊള്ളേണ്ടതെന്ന ആവശ്യം സർക്കാർ മുന്നോട്ടുവച്ചിട്ടുണ്ട്. നാഷണൽ ഹൈവേയ്ക്ക് നിശ്ചയിച്ചിരുന്ന വീതി 45 മീറ്ററാക്കി ചുരുക്കിയിരുന്നെങ്കിലും പിന്നീട് വീണ്ടും അത് 60 മീറ്റർ ആക്കണമെന്ന നിർദ്ദേശം കേന്ദ്രത്തിൽ നിന്ന് ലഭിച്ചിരിക്കുകയാണ്. ഇതെല്ലാമുൾക്കൊണ്ടുകൊണ്ടുമാത്രമേ കാര്യങ്ങൾ പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

(11) എൻജിനിയറിംഗ് വിഭാഗം പുന:സ്ഥാപിക്കൽ

ശ്രീ. എം.എ. വാഹീദ്: ബ്ലോക്കുകളിൽ നിലവിലുണ്ടായിരുന്ന എൻജിനിയറിംഗ് വിഭാഗത്തെ പൂർണ്ണമായി പുന:സ്ഥാപിച്ച് നിർമ്മാണ പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): 01-01-2008 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു ചീഫ് എൻജിനിയറുടെ നേതൃത്വത്തിലുള്ള പ്രത്യേക എൻജിനിയറിംഗ് സംവിധാനം നിലവിൽ വന്നു. അതുവരെ ജലവിഭവ വകുപ്പിൽ നിന്നും പൊതുമരാമത്ത് വകുപ്പിൽ നിന്നുമുള്ള എൻജിനിയറിംഗ് വിഭാഗത്തെ ഉപയോഗിച്ചായിരുന്നു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. ഇതനുസരിച്ച് ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളിൽ ക്രമാനുപാതീകമായി എൻജിനിയർ തസ്തികയും ഓവർസീയർ തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. ബ്ലോക്കുകളിൽ ഉണ്ടായിരുന്ന അസിസ്റ്റന്റ് എൻജിനിയർ തസ്തിക അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ തസ്തികയിലേയ്ക്കുയർത്തി. ത്രിതല പഞ്ചായത്തുകളിലെ ജനകീയാസൂത്രണ പദ്ധതികൾ, എം.എൽ.എ./എം.പി. ഫണ്ടുപയോഗിച്ചുള്ള ദുരിതാശ്വാസ പദ്ധതികൾ, കേന്ദ്രാവിഷ്ക്കൃത പദ്ധതികൾ തുടങ്ങിയവയുടെ ചുമതല ഗ്രാമപഞ്ചായത്തു തലത്തിലുള്ള അസിസ്റ്റന്റ് എൻജിനിയർക്കാണ്. കേന്ദ്രാവിഷ്ക്കൃത പദ്ധതിയായ പി.എം.ജി.എസ്.വൈ.-യുടെ പ്രവർത്തനത്തിന് അക്രഡിറ്റഡ് എൻജിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിക്കായി എല്ലാ ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളിലും എൻജിനിയർമാരെയും ഓവർസിയർമാരെയും പ്രത്യേകമായി നിയമിച്ചിട്ടുണ്ട്.

(12) <u>പോലീസ് വെടിവയ്പിനെക്കുറിച്ച് ജൂഡീഷ്യൽ അന്വേഷണം</u>

<u>ശ്രീ. സി.ടി. അഹമ്മദ് അലി:</u> കാസർഗോഡ് 15-11-2009-ൽ നടന്ന സംസ്ഥാന മുസ്ലിംലീഗ് നേതാക്കളുടെ സ്വീകരണച്ചടങ്ങിനിടെയുണ്ടായ പോലീസ് വെടിവെയ്പിൽ ഷഫീക്ക് എന്ന വ്യക്തി മരിക്കുകയും നിരവധി വസ്തുവകകളും വാഹനങ്ങളും തകരുകയും ചെയ്തു. വെടിവയ്പിനുമുമ്പായി അനൗൺസ് ചെയ്യുകയോ ജല പീരങ്കി ഉപയോഗിക്കുകയോ ചെയ്യാതെയാണ് ജില്ലാപോലീസ് സൂപ്രണ്ട് വെടിയുതിർത്തത്. മരണപ്പെട്ട ഷഫീക്കിന്റെ പിതാവിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ കാസർഗോഡ് ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് സംഭവത്തെക്കുറിച്ച് അന്വേഷിച്ച് നടപടിയെടുക്കാൻ ഉത്തരവിട്ടിരുന്നു. മരിച്ച ഷഫീക്കിന്റെ കുടുംബത്തിന് 10 ലക്ഷം രൂപയിൽ കുറയാത്ത തുക സഹായമായി നൽകുന്നതിനും കുടുംബത്തിലെ ഒരംഗത്തിന് ജോലി ലഭ്യമാക്കുന്നതിനും ജില്ലാ പോലീസ് സൂപ്രണ്ടിന്റെ പേരിൽ നടപടിയെടുക്കുന്നതിനും സംഭവത്തെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> കാസർഗോഡ് 15-11-2009-ലുണ്ടായ സംഭവത്തെത്തുടർന്ന് ജുഡീഷ്യൽ അന്വേഷണത്തിനുത്തരവായെങ്കിലും ഹൈക്കോടതി സിറ്റിംഗ് ജഡ്ജിയെ ലഭിക്കാത്തതിനാൽ സിറ്റിംഗ് ജില്ലാ ജഡ്ജിയുടെ സേവനം വിട്ടുകിട്ടണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാ ജഡ്ജിയുടെ അന്വേഷണറിപ്പോർട്ട് ലഭിച്ചതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(13) <u>ലൈബ്രേറിയന്മാരുടെ സേവന-വേതന വ്യവസ്ഥകൾ</u>

<u>ശ്രീ. മോൻസ് ജോസഫ്</u>: കേരളത്തിലെ ഗ്രന്ഥശാലകളിൽ പ്രവർത്തിക്കുന്ന ലൈബ്രേറിയന്മാരുടെ സേവന-വേതന വ്യവസ്ഥകളിൽ കാലാനുസൃതമായ മാറ്റം വരുത്തണം. ഈ വിഷയം അവരുമായി ചർച്ച ചെയ്യാൻ തയ്യാറാകണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി)</u>: കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഈ വർഷം എ, ബി, സി. ഗ്രേഡുകളിലും ഡി, ഇ, എഫ്. ഗ്രേഡുകളിലുമുള്ള ഗ്രന്ഥശാലകളിലെ ലൈബ്രേറിയന്മാർക്ക് യഥാക്രമം 1000 രൂപ, 750 രൂപ നിരക്കിൽ അലവൻസ് വിതരണം ചെയ്തുവരുന്നുണ്ട്. ലൈബ്രറി കൗൺസിലിന്റെ വരുമാനം വർദ്ധിക്കുന്നതനുസരിച്ച് അലവൻസ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ഒരു ഉദ്യോഗസ്ഥൻ എന്ന നിലയ്ക്കല്ല മറിച്ച് പൊതുപ്രവർത്തകൻ എന്ന നിലയ്ക്കാണ് ലൈബ്രേറിയനുള്ള വേതനം നൽകുന്നത്. തദ്ദേശ സയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രിയെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് ഈ വിഷയം ചർച്ച ചെയ്യുന്നതാണ്.

(14) <u>മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം</u>

<u>ശ്രീ. കെ. രാജു</u>: മൂന്ന് കോടി രൂപ എസ്റ്റിമേറ്റ് പ്രതീക്ഷിക്കുന്നതും ഒന്നര കോടി രൂപയുടെ എ.എസ്. നൽകിയതും മതിയായ ഭൂമി പി.ഡബ്ല്യു.ഡി..ക്ക് ലഭ്യമാക്കിയതുമായ അഞ്ചൽ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണപ്രവർത്തനങ്ങൾ എത്രയുംപെട്ടെന്ന് പൂർത്തിയാക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : പുനലൂർ നിയോജ കമണ്ഡലത്തിൽപ്പെട്ട അഞ്ചലിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് തദ്ദേശഭരണ വകുപ്പിൽനിന്നും 40 സെന്റ് ഭൂമി റവന്യൂ വകുപ്പിന് നൽകിയി ട്ടുണ്ട്. 2129 ച.മീ. വിസ്തീർണ്ണമുള്ള മൂന്നുനില കെട്ടിടം നിർമ്മിക്കുന്നതിന് 2.66 കോടി രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് ഗവൺമെന്റിന് ലഭിച്ചതിൽ 1.50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയുണ്ടായി. സ്ട്രക്ച്ചറൽ ഡ്രോയിംഗും ടെന്റേറ്റീവ് ഡിസൈനും എത്രയുംവേഗം പൂർത്തീകരിച്ച് എസ്റ്റി മേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണ്.

(15) അദ്ധ്യാപകനിയമനം അംഗീകരിക്കൽ

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുക ളിലെ അദ്ധ്യാപകരുടെ നിയമനങ്ങൾ അംഗീകരിച്ച് അവർക്ക് ശമ്പളം നൽകാനും ഭാവിയിലെ നിയമനങ്ങൾക്ക് മാനേജ്മെന്റുമായി നിബന്ധന വയ്ക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : 17-08-2005-ലെ നിയമനനിരോധന ഉത്തരവ് റദ്ദാക്കുകയും അന്ന് എയിഡഡ് സ്കൂളുകളിൽ നിയമിച്ച് അദ്ധ്യാപകർക്ക് വിദ്യാർത്ഥിക ളുടെ എണ്ണം കണക്കാക്കി അംഗീകാരം കൊടുക്കാനുള്ള ഉത്തരവ് 12-1-2010 -ന് പുറപ്പെടുവിക്കുകയും ചെയ്തു. നിയമനനിരോധനം എടുത്തു കളയുന്ന ഘട്ടത്തിൽ മാനേജർമാരുമായി നടന്ന ചർച്ചകളിലെ ഒരു വ്യവസ്ഥ മാനേജു മെന്റ് ഒരു അദ്ധ്യാപകനെ നിയമിക്കുമ്പോൾ ഒരു സംരക്ഷിത അദ്ധ്യാപകൻ എന്ന നിലയിൽ 1:1 എന്ന അനുപാതത്തിൽ വേണം 2005 മുതലുള്ള ഒഴിവു

കൾ നികത്താൻ എന്നായിരുന്നു. എന്നാൽ മാനേജുമെന്റിന്റെ പ്രതിനിധികൾ പറഞ്ഞത് കുട്ടികളെ പഠിപ്പിക്കാൻ അദ്ധ്യാപകൻ വേണമെന്നുള്ളതുകൊണ്ട് നിരോധനം വകവയ്ക്കാതെ നിയമനം നടത്തിയിരുന്നു. അതുകൊണ്ട് 1:1 എന്ന അനുപാതം ഇനി ഉണ്ടാകുന്ന തസ്തികകളിൽ പാലിക്കാമെന്നാണ്. ഇതിന്റെ അടിസ്ഥാനത്തിലുള്ള സമ്മതപത്രം പല മാനേജർമാരും എഴുതി തന്നിട്ടുണ്ട്.

(16) ഭൂനികുതി സ്വീകരിക്കാൻ നടപടി

ശ്രീമതി കെ. കെ. ലതിക: കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിലെ ചെക്യാട് വില്ലേജിലെ കർഷകരിൽനിന്നും താമസക്കാരിൽനിന്നും ഭൂനികുതി സ്വീകരിക്കുന്നതിനും വടകര താലൂക്ക് ലാന്റ് ബോർഡ് 10-08-2009-ൽ ഇറക്കിയ ഉത്തരവ് റദ്ദാക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : ചെക്യാട് വില്ലേജിൽ ആധാരമുള്ളതും ഇല്ലാത്തതുമായി അനേകം കൈവശങ്ങൾ കണ്ടെത്തി യിട്ടുണ്ട്. ചെക്യാട് ഭൂമിയുടെ മൂന്ന് റീസർവ്വേ നമ്പരുകളിലായി 500-ൽപ്പരം കൈവശ അപേക്ഷകൾ ലഭിച്ചത് വെരിഫിക്കേഷനായി സ്പെഷ്യൽ ഡെപ്യൂട്ടി തഹസീൽദാർക്ക് കൊടുത്തിട്ടുണ്ട്. 25-02-2010-ന് മുമ്പായി കൈവശാവകാശം തെളിയിക്കാനുള്ള അപേക്ഷകൾ വടകര താലൂക്ക് ഓഫീ സിലും കളക്ടറേറ്റിലും സ്വീകരിച്ചിട്ടുണ്ട്. വെരിഫിക്കേഷൻ പൂർത്തിയാകുന്ന മുറയ്ക്കും സർവ്വേ ടീമിന്റെ അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഭൂമി സംബന്ധിച്ച നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അർഹരായ കൃഷിക്കാരിൽനിന്നും നികുതി

സ്വീകരിക്കാനും പട്ടയം നൽകാനുമുള്ള നടപടികളാണ് ഗവൺമെന്റ് ഇപ്പോൾ എടുത്തിട്ടുള്ളത്.

(17) <u>കോൾനില കൃഷിക്ക് അടിസ്ഥാനസൗകര്യം</u>

(ശ്രീ. പി. പി. അബ്ദുള്ളക്കുട്ടിയും ഇത് സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്).

<u>ശ്രീ. എ. സി. മൊയ്തീൻ</u>: തൃശൂർ, മലപ്പുറം ജില്ലകളിലായി 3311 ഹെക്ടർ സ്ഥലത്ത് കോൾ കൃഷി ചെയ്യുന്നതിന് ഒരു ഏജൻസി ഉണ്ടാക്കിയിട്ടുണ്ടെങ്കിലും ഇതുവരെ യാതൊരു സഹായവും ലഭ്യമായിട്ടില്ല. രണ്ട് ജില്ലകളിലായി കോൾനിലം വ്യാപിച്ച് കിടക്കുന്നതിനാൽ ഭരണപരമായ ബുദ്ധിമുട്ടുകളുമുണ്ട്. നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള അടിസ്ഥാനവികസന പദ്ധതികളുണ്ടാകണം.

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. മുല്ലക്കര രത്നാകരൻ)</u>: പൊന്നാനി കോൾ നിലങ്ങളുടെ സമഗ്ര വികസനത്തിനായി അംഗീകരിച്ച 10.72 കോടി രൂപയുടെ പദ്ധതി എത്രയുംവേഗം നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. വിള ഉൽപ്പാദനത്തിനുള്ള സഹായത്തിനായി പൊന്നാനി കോൾ വികസന ഏജൻസിക്ക് സംസ്ഥാന നെൽക്കൃഷി വികസന പദ്ധതിയിൽപ്പെടുത്തി പത്ത് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നടപ്പിലാക്കുന്നതിന് ഈ സഭാസമ്മേളനകാലത്തുതന്നെ ഒരു യോഗം വിളിച്ചുചേർക്കുന്നതാണ്.

**റിപ്പോർട്ട് സമർപ്പണം**

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ചട്ടം 300 അനുസരിച്ചുളള പ്രസ്താവന**

സംസ്ഥാനത്തെ ബസ്, ടാക്സി, ഓട്ടോ റിക്ഷാ എന്നിവയിലെ യാത്രാ നിരക്ക് പരിഷ്ക്കരണം സംബന്ധിച്ച് ഗതാഗത വകുപ്പു മന്ത്രി ശ്രീ. ജോസ് തെറ്റയിൽ ചട്ടം 300 അനുസരിച്ച് ഒരു പ്രസ്താവന നടത്തി

**നിയമനിർമ്മാണം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 2010-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ

നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): 2010-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): 2010-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി ): പ്രമേയത്തെ പിൻതാങ്ങുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): 2000-ലെ കേരള സ്പോർട്ട്സ് ആക്ടിലെ 47എ വകുപ്പു പ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്ത സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെയും ജില്ലാ സ്പോർട്ട്സ് കൗൺസിലുകളുടേയും കാലാവധി 2008 ആഗസ്റ്റ് 17-ാം തീയതി അവസാനിച്ചു. പ്രധാന ആക്ടിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം കൗൺസിലുകൾ രൂപീകരിക്കുന്ന പ്രക്രിയ പൂർത്തീകരിക്കുന്നതിന് കൂടുതൽ സമയം ആവശ്യമായ സാഹചര്യത്തിൽ നിലവിലുള്ള കൗൺസിലുകളിൽ ഭരണസ്തംഭനം ഒഴിവാക്കുന്നതിലേയ്ക്കായി ഒരു വർഷത്തേയ്ക്കുകൂടി കാലാവധി ദീർഘിപ്പിക്കുന്നതിനുവേണ്ടിയാണ് ഭേദഗതി കൊണ്ടുവന്നത്. സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുക്കുന്നത് തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാന കൗൺസിൽ അംഗങ്ങളിൽനിന്ന് വേണമെന്നായിരുന്നു നിഷ്ക്കർഷിക്കപ്പെട്ടിരുന്നത്. ഇതു പ്രകാരം സംസ്ഥാന കൗൺസിലിലും ജില്ലാ കൗൺസിലുകളിലേയ്ക്കും നാമനിർദ്ദേശം ചെയ്യുന്നതിന് ദേശീയ-അന്തർദ്ദേശീയ നിലവാരമുള്ള കായിക പ്രതിഭകളെ ലഭിക്കാനുള്ള പ്രയാസം നേരിട്ടതുകൊണ്ടാണ് 'ദേശീയ-അന്തർദ്ദേശീയ' എന്ന ഭേദഗതി ഇവിടെ കൊണ്ടുവന്നത്. ജില്ലാ സ്പോർട്സ് കൗൺസിലിന്റെ സെക്രട്ടറിമാരായി ഡെപ്യൂട്ടി കളക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഒരുദ്യോഗസ്ഥൻ വേണമെന്ന വ്യവസ്ഥ നിലനിന്നാൽ 14 ജില്ലകളിലും ഡെപ്യൂട്ടി കളക്ടർമാരുടെ പോസ്റ്റ് വേണ്ടി വരും. അത് സാമ്പത്തിക ബാദ്ധ്യത വരുത്തുമെന്നുള്ളതുകൊണ്ടാണ് സെക്ഷൻ ഓഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഒരുദ്യോഗസ്ഥൻ എന്ന ഭേദഗതി 14-ാം വകുപ്പിന് കൊണ്ടുവന്നത്.

ശ്രീ. ജോർജ് മേഴ്സിയർ : I move that – “This House resolves to disapprove The Kerala Sports (Amendment) Ordinance, 2010. (Ordinance No. 4 of 2010).”

ഈ ബില്ലിലെ 3, 6, 9, 14, 47എ എന്നീ സെക്ഷനുകൾക്കാണ് ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഈ ദേഭഗതികൾ ജനാധിപത്യ വ്യവസ്ഥയ്ക്ക് നിരക്കാത്തതാണ്. ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെടേണ്ട സംസ്ഥാന സ്പോർട്ട്സ് കൗൺസിലിനേയും ജില്ലാ സ്പോർട്ട്സ് കൗൺസിലിനേയും 2006 ആഗസ്റ്റ് 17-ന് രണ്ടുവർഷത്തേയ്ക്ക് നോമിനേറ്റു ചെയ്യപ്പെടുകയും അതിന്റെ കാലാവധി 2008 ആഗസ്റ്റ് 17-ാം തിയതി അവസാനിക്കുകയും ചെയ്തുവെങ്കിലും 2008 സെപ്റ്റംബർ 26-നാണ് ഇതുസംബന്ധിച്ച് ഓർഡിനൻസ് കൊണ്ടുവരുന്നത്. ഒരു അധികാരവുമില്ലാതെ കടന്നുപോയ 43 ദിവസങ്ങൾക്ക് റിട്രോസ്പെക്ടീവ് ഇഫക്ട് കൊടുത്തുകൊണ്ടാണ് ബിൽ അവതരിപ്പിച്ചിരിക്കുന്നത്. സ്പോർട്ട്സ് കൗൺസിലിന്റെ കാലാവധി രണ്ടുവർഷക്കാലമെന്നുള്ളത് മൂന്നര വർഷക്കാലമാക്കി നീട്ടിക്കൊണ്ടുള്ള ഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നത്. നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്നതിൽ അന്തർദേശീയ ടൂർണമെന്റുകളിലോ നാഷണൽ ഗെയിംസിലോ പങ്കെടുത്ത് കൂടുതൽ ട്രെയിനിംഗ് ലഭിച്ചവർ എന്നാണ് ഉദ്ദേശിച്ചിരുന്നത്. സ്പോർട്ട്സ് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയിലേയ്ക്ക് ‘നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ’ എന്ന ശീർഷകത്തിൽ ‘അന്തർദേശീയ’ എന്ന വാക്കിനുപകരം ‘അന്തർദേശീയ അല്ലെങ്കിൽ ദേശീയ’ എന്ന വാക്കുകൾ ചേർക്കണമെന്ന ഭേദഗതി

കൊണ്ടുവരുന്നതിലൂടെ ദേശീയമെന്നുപറഞ്ഞ് സംസ്ഥാന ഗവൺമെന്റിന് താൽപ്പര്യമുള്ള ആരെവേണമെങ്കിലും എതെങ്കിലും ഗെയിംസിന്റെ പേരിൽ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലേയ്ക്ക് നിർദ്ദേശിക്കാനുള്ള നിഗൂഢ നീക്കമാണ് നടക്കുന്നത്. മൂലനിയമമനുസരിച്ച് ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെ സെക്രട്ടറി ജോയിന്റ് സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഒരു. ഓഫീസറായിരിക്കണമെന്നുണ്ട്. എന്നാൽ ഡെപ്യൂട്ടി കളക്ടർക്കു പകരം സെക്ഷൻ ഓഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഒരുദ്യോഗസ്ഥനെ നിയമിക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നതു വഴി നിയമം വളച്ചൊടിക്കാനുള്ള സ്ഥിതിയാണ് സംജാതമായിരിക്കുന്നത്. കോമൺവെൽത്ത് ഗെയിംസിന് മുന്നോടിയായി നടക്കേണ്ട 2010-ലെ ദേശീയ ഗെയിംസിന് കേന്ദ്രഗവൺമെന്റിൽ നിന്ന് 220 കോടി രൂപ ഗ്രാന്റായി ലഭിച്ചുവെങ്കിലും ദേശീയ ഗെയിംസ് നിയന്ത്രിക്കുന്ന ഒളിമ്പിക് കൗൺസിലും സ്പോർട്ട്സ് കൗൺസിലും നാഷണൽ കൗൺസിൽ സെക്രട്ടേറിയറ്റും കേരള ഗവൺമെന്റും തമ്മിൽ ഒരു കോ-ഓർഡിനേഷനില്ലാത്തതുകൊണ്ട് അതിന്റെ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഒന്നുംതന്നെ തുടങ്ങിയിട്ടില്ല. സംസ്ഥാന സ്പോർട്സ് കൗൺസിൽ നിലവിൽ വന്നതിനുശേഷം നേരത്തേയുണ്ടായിരുന്ന നാഷണൽ മാരത്തോൺ, കോളേജ് ഗെയിംസ്, സ്കൂൾ കുട്ടികൾക്കായുള്ള മിനി- ഗെയിംസ് എന്നിവയും ഓപ്പറേഷൻ ഗോൾഡ് അനുസരിച്ച് ത്രിതല പഞ്ചായത്തുകൾ സമാഹരിക്കുന്ന തുക ഉപയോഗിച്ച് ഓരോ സ്കൂളിലേയും കായിക വിദ്യാർത്ഥികൾക്ക് പോഷകാഹാരവും പ്രത്യേക പരിശീലനവും നൽകുന്ന സ്കീമും നിറുത്തലാക്കി.

<u>പ്രൊഫ. എൻ. ജയരാജ്</u>: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. സംസ്ഥാന സ്പോർട്സ് കൗൺസിലിലേയ്ക്കും ജില്ലാ സ്പോർട്സ് കൗൺസിലിലേയ്ക്കും നാമനിർദ്ദേശം ചെയ്യപ്പെടുന്നവരിൽ ദേശീയ നിലവാരത്തിലുള്ള സ്പോർട്സ് വിദഗ്ദ്ധരായിട്ടുള്ള അംഗങ്ങളെക്കൂടി പരിഗണിക്കുന്നതാണെന്ന് പറഞ്ഞിരിക്കുന്നതുവഴി പ്രസ്തുത കൗൺസിലുകളുടെ നിലവാരം താഴ്ന്നുപോയിരിക്കുകയാണ്. നോമിനേറ്റഡ് അംഗങ്ങൾക്ക് വോട്ടവകാശം കൊടുത്തുകൊണ്ട് സ്വന്തം പാർട്ടിയിൽപ്പെട്ടവരെ ഇതിൽ തിരുകി കയറ്റാനുള്ള ശ്രമം നടത്തിയിരിക്കുകയാണ്. സ്പോർട്സ് കൗൺസിലിന്റെ സെക്രട്ടറി സ്ഥാന ത്തേയ്ക്ക് ഡെപ്യൂട്ടി കളക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഒരുദ്യോഗ സ്ഥനെ നിയമിക്കുന്നതിന് വ്യവസ്ഥ ചെയ്യണം. കുട്ടികളുടെയും യുവജനങ്ങ ളുടെയും കായികക്ഷമത വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് ഗൗരവമായി ചർച്ച നടത്തണം. ആരോഗ്യ പരിരക്ഷയ്ക്ക് കളരി ചികിത്സ പോലുള്ള സ്പോർട്സ് മെഡിസിന് അംഗീകാരം നൽകണം. ആരോഗ്യവും കായികവി ദ്യാഭ്യാസവും സ്കൂളുകളിൽ പാഠ്യവിഷയമാക്കണം. കായികതാരങ്ങളുടെ ആരോഗ്യപരിരക്ഷയ്ക്ക് കൂടുതൽ തുക വകയിരുത്തണം. കായികമേഖലക ളിൽ കുട്ടികളെ കൂടുതൽ ആകർഷിക്കുന്നതിനുവേണ്ടി സ്കൂളുകളുടെ അടി സ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. സ്കൂളുകളിൽ കായിക കിറ്റ് നൽകു ന്നതിന് എം.എൽ. എ ഫണ്ട് വിനിയോഗിക്കുന്നതിനാവശ്യമായ ഉത്തരവിറക്ക ണം. സ്കൂളുകളിൽ ഫുൾ ടൈം കായികാദ്ധ്യാപകരെ നിയമിക്കണം. സ്പോർട്സ് കൗൺസിലുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ക്രീഡ അഭിയാൻ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനും അതുസംബന്ധിച്ച് ജന ങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ബാബു എം. പാലിശ്ശേരി:</u> 2010-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-4-2010 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 2000-ലെ സ്പോർട്സ് ആക്ടനുസരിച്ച് സർക്കാർ നാമനിർദ്ദേശം ചെയ്ത സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും ജില്ലാസ്പോർട്ട്സ് കൗൺസിലുകളുടെയും കാലാവധി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കുന്നതിനുവേണ്ടിയുള്ള ഭേദഗതി നിയമത്തെ സ്വാഗതം ചെയ്യുന്നു. പഞ്ചായത്ത്, മുനിസിപ്പാലിറ്റി കോർപ്പറേഷൻ എന്നിവിടങ്ങളിൽ സ്പോർട്ട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി സമഗ്രമായ ഒരു സ്പോർട്ട്സ് നയം ആവിഷ്ക്കരിക്കേണ്ടതുണ്ട്. എല്ലാവർക്കും സ്പോർട്ട്സ് എല്ലാവർക്കും ആരോഗ്യം എന്ന മുദ്രാവാക്യവുമായി മുന്നോട്ടു പോകുന്ന സംസ്ഥാന ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിപ്ലവകരമായ മാറ്റങ്ങൾ സ്പോർട്ട്സ് രംഗത്തുണ്ടാക്കിയെടുക്കാൻ കഴിഞ്ഞു എന്നതിനുള്ള ഉത്തമ ഉദാഹരണമാണ് സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി. ആരോഗ്യവും കായിക വിദ്യാഭ്യാസവും 2010-11 അദ്ധ്യയന വർഷം മുതൽ സ്കൂളുകളിൽ പാഠ്യവിഷയമായി കൊണ്ടുവരാൻ തീരുമാനിച്ചത് സ്വാഗതാർഹമാണ്. കായിക അദ്ധ്യാപകരുടെ എണ്ണം വർദ്ധിപ്പിക്കാനും സ്കൂൾ പരിസരത്തു നിന്ന് പാൻപരാഗ് നിയമംമൂലം നിരോധിക്കാനും സ്കൂളുകളിൽ സ്പോർട്സിനുവേണ്ടി കൂടുതൽ പീരീഡുകൾ നീക്കി വയ്ക്കാനും നടപടി സ്വീകരിക്കണം. വിഷൻ ഇന്ത്യാ പദ്ധതി സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിജയകരമായി നടന്നു

കൊണ്ടിരിക്കുകയാണ്. ഒരു പഞ്ചായത്തിൽ ഒരു മിനിസ്റ്റേഡിയവും ഒരു നീന്തൽകുളവും നിർമ്മിക്കാൻ വേണ്ടിയുള്ള പദ്ധതി നടത്തിപ്പിന്റെ പുരോഗതി വ്യക്തമാക്കണം. സ്പോർട്സിന്റെ വളർച്ചയ്ക്കുവേണ്ടി മാധ്യമങ്ങൾ വഹിക്കുന്ന പങ്കിനെ അഭിനന്ദിക്കുന്നു. ജില്ലയിൽ ഒരു സ്പോർട്ട്സ് സ്കൂൾ, സംസ്ഥാനത്ത് സ്പോർട്ട്സ് സർവ്വകലാശാല, സ്പോർട്ട്സ് മെഡിക്കൽ സയൻസ് ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ നടപ്പിലാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. സ്പോർട്ട്സ് കൗൺസിലിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം കൊടുക്കുന്ന പദ്ധതി നടത്തിക്കൊണ്ടിരിക്കുകയാണ്. സ്പോർട്സിന്റെ വളർച്ചയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന ക്ളബ്ബുകൾക്ക് പ്രാമുഖ്യം നൽകണം. സ്പോർട്സ് കൗൺസിൽ അസോസിയേഷനിൽ നടക്കുന്ന അഴിമതി തടയാനുള്ള അധികാരം ഗവൺമെന്റിൽ നിക്ഷിപ്തമാക്കാൻ ആവശ്യമായ ഭേദഗതി കൊണ്ടുവരണം. നാഷണൽ ഗെയിംസ് ഇൻഡ്യയിൽ വച്ച് നടത്തുന്നതിനുള്ള പശ്ചാത്തല സൗകര്യമൊരുക്കണം

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: 2010-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.അഞ്ചാമത്തെ പ്രാവശ്യമാണ് ഈ നിയമം ഓർഡിനൻസായി വരുന്നത്. പ്രധാന ആക്ടിലെ 14-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ "ഡെപ്യൂട്ടി കളക്ടറുടെ" എന്ന വാക്കുകൾക്ക് പകരം "സെക്ഷൻ ആഫീസറുടെ" എന്ന വാക്കുകൾ ചേർത്തിരിക്കുന്നത് ക്വാളിറ്റി താഴോട്ട് കൊണ്ടുപോകാനുള്ള ശ്രമമാണ്.

സ്പോർട്സ് കൗൺസിലിലേയ്ക്ക് നോമിനേറ്റഡ് മെമ്പർമാർ വരുന്നതുമൂലം അതിന്റെ ജനാധിപത്യ സ്വഭാവം ഇല്ലാതാകും. സ്പോർട്ട്സ് കൗൺസിലുകളുടെ കാലാവധി 2008 ആഗസ്റ്റിൽ അവസാനിച്ചു. 2008-ൽ മൂന്നുപ്രാവശ്യം നിയമസഭാസമ്മേളനം നടന്നിട്ടും ഓർഡിനൻസ് നിയമമാക്കാത്തതിനാൽ 45 ദിവസം കൗൺസിലിന്റെ പ്രവർത്തനം നിയമവിരുദ്ധമായിരുന്നു. അന്ന് എടുത്ത തീരുമാനങ്ങളൊക്കെ അസാധുവാകുന്നതാണ്. സർക്കാരിന്റെ അലസ മനോഭാവമാണ് ഇത് വ്യക്തമാകുന്നത്. സ്പോർട്ട്സിനുവേണ്ടി ഒരു സ്റ്റിമുലസ് പാക്കേജ് പ്രഖ്യാപിക്കണം. ത്രിതല പഞ്ചായത്തുകളുടേയും സപ്പോർട്ടോടുകൂടി നടത്തിക്കൊണ്ടിരുന്ന സ്പോർട്സ് പരിശീലന പരിപാടി തുടർന്നും നടത്തി സ്പോർട്സിൽ താൽപര്യമുള്ള കുട്ടികളെ ചെറുപ്പത്തിൽതന്നെ കണ്ടെത്തണം സ്പോർട്ട്സ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പോഷകഗുണമുള്ള ആഹാരം കൊടുക്കുകയും മിടുക്കരായ കോച്ചുകളെക്കൊണ്ട് പരിശീലനം നൽകുകയും ചെയ്ത് അവരെ കായികരംഗത്ത് മുൻനിരയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള നടപടിയുണ്ടാകണം. സ്പോർട്സ് കൗൺസിലിലെ മുഴുവൻ നിയമനങ്ങളും പി.എസ്.സി.ക്ക് വിടുന്നുവെന്ന് സഭയിൽ ഉറപ്പ് നൽകിയെങ്കിലും 122 ടെമ്പററി കോച്ചുമാർ ഇപ്പോഴും സ്പോർട്ട്സ് കൗൺസിലുകളിൽ സേവനം തുടരുന്നതു സംബന്ധിച്ച് പരിശോധന നടത്തണം. സ്പോർട്ട്സ് ക്വാട്ട നിയമന നിരക്ക് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. സ്പോർട്സ് സ്കൂളുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. സ്കൂൾസ് ഓഫ് എക്സലൻസിനുള്ള ക്യാഷ് പ്രൈസ് തുക വർദ്ധിപ്പിക്കണം. കായികരംഗത്ത് അപകടം സംഭവിക്കുന്ന കുട്ടികളുടെ ചികിത്സാ ചെലവ് മുഴുവനും സർക്കാർ വഹിക്കണം. ജനങ്ങളുടെ ആരോഗ്യ

സംരക്ഷണത്തിനുവേണ്ടിയുള്ള പരിപാടികളും അനുബന്ധ നടപടികളുംകൂടി ഈ ബില്ലിന്റെ ഭാഗമായി വരണം. വിവിധ വിഭാഗം ജനങ്ങൾക്ക് പ്രയോജനം കിട്ടത്തക്കവിധത്തിൽ ദേശീയ-അന്തർദേശീയ നിലവാരത്തിലേയ്ക്ക് കേരളത്തിന്റെ കായികരംഗത്തെ ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള നടപടിയും ഉണ്ടാകേണ്ടതുണ്ട്. ക്രിക്കറ്റ്, ഹോക്കി ഉൾപ്പെടെയുള്ള ദേശീയ ഗെയിംസുകളിൽ മലയാളി കായിക താരങ്ങളുടെ സാന്നിദ്ധ്യ കുറവിന്റെ കാരണം പരിശോധിക്കുകയും അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം. സ്പോർട്ട്സ് രംഗത്ത് കഴിവുള്ള കുട്ടികൾക്ക് എല്ലാവിധ പ്രോത്സാഹനവും കൊടുത്ത് അവരെ മികച്ച കായികപ്രതിഭകളാക്കി വളർത്തിക്കൊണ്ടുവരണം. ഈ ബില്ലിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തി വീണ്ടും ഡ്രാഫ്റ്റ് ചെയ്ത് ഇതിനെ ഒരു സമഗ്ര നിയമമാക്കിമാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): നിലവിലുള്ള സ്പോർട്ട്സ് നിയമത്തിൽ പരിമിതമായ ഭേദഗതികൾ മാത്രമാണ് വരുത്തിയിരിക്കുന്നത്. 2000-ൽ നിലവിൽ വന്ന നിയമം ഇപ്പോഴാണ് പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞത്. എല്ലാപേർക്കും സ്പോർട്സ് എന്ന കൺസെപ്റ്റ് വച്ചുകൊണ്ട് 2000-ലെ കേരള സ്പോർട്സ് ആക്ടിൽ കാലാനുസൃതമായ ഭേദഗതികളാണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. സ്പോർട്ട്സ് ക്വാട്ടയിൽ മുഴുവൻ നിയമനം നടത്തുകയും സ്പോർട്സ് ക്വാട്ട നിയമനം ഒരു വർഷത്തിൽ 50 ആക്കി വർദ്ധിപ്പിക്കുകയും ചെയ്തു. സ്പോർട്സ് കൗൺസിലിലെ എല്ലാ നിയമനങ്ങളും പി.എസ്.സി.ക്ക് വിട്ടതിനെത്തുടർന്ന് പി.എസ്.സി നിയമന നടപടികൾ സ്വീകരിച്ചുവരികയാണ്. സ്പോർട്സ് ലോട്ടറിയിലൂടെ 9 കോടി

രൂപ ലാഭമുണ്ടാക്കുകയും ആകെ 15 കോടി രൂപയാക്കി കായിക വികസനത്തിന് വിതരണം ചെയ്യുകയും ചെയ്തു. സ്പോർട്സ് ലോട്ടറി നടത്തിപ്പിൽ പിശക് പറ്റിയിട്ടുണ്ടെങ്കിൽ പരിശോധിച്ച് ശക്തമായ നടപടി എടുക്കുന്നതാണ്. ദേശീയ സ്കൂൾ ഗെയിംസിൽ സ്വർണ്ണം, വെള്ളി, വെങ്കലം മെഡലുകൾ നേടിയ കുട്ടികൾക്കുള്ള പ്രൈസ് മണി യഥാക്രമം 25,000, 15,000, 10,000 രൂപയാക്കി വർദ്ധിപ്പിച്ച് വിതരണം ചെയ്തു. സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും നഗരസഭകളിലും സ്പോർട്സ് കൗൺസിലുകൾ നിലവിൽ വന്നിട്ടുണ്ട്. 36 സ്റ്റേറ്റ് അസോസിയേഷനുകളിൽനിന്നുള്ള ഇലക്ടഡ് മെമ്പേഴ്സാണ് സ്പോർട്സ് കൗൺസിലിൽ വരുന്നത്. ഇതിൽ നോമിനേറ്റഡ് മെമ്പേഴ്സ് വളരെ കുറവാണ്. സ്പോർട്ട്സ് കൗൺസിലിൽ വളരെ പ്രഗൽഭരായ ആളുകളെ മെറിറ്റ് അടിസ്ഥാനത്തിൽ യാതൊരു ആക്ഷേപവും വരാനിടയില്ലാത്ത വിധത്തിലാണ് നോമിനേറ്റ് ചെയിട്ടുള്ളത്. കൗൺസിലിന്റെ ഉദ്യോഗസ്ഥരും അവരുടേതായ മേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ചവരാണ്. കായികവിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുകയും സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി നടപ്പിലാക്കുകയും ചെയ്തു. ഒരു വാർഡിന് ഒരു കളിസ്ഥലം, ഒരു സ്റ്റേഡിയം, ഒരു നീന്തൽക്കുളം എന്നിവ സ്ഥാപിച്ചുകൊണ്ട് അടിസ്ഥാനവികസനത്തിന് മുൻതൂക്കം നൽകി. 2016-ൽ ബ്രസീലിൽ നടക്കുന്ന ഒളിംപിക്സിൽ ഇന്ത്യയ്ക്ക് സ്വർണ്ണം നേടാനുള്ള 'ഗോ ഫോർ ഗോൾഡ്'എന്ന പദ്ധതി ആവിഷ്ക്കരിച്ച് അതിനുള്ള പ്രവർത്തനങ്ങൾ നടക്കുകയാണ്. 2010-ലെ നാഷണൽ ഗെയിംസ് നേടിയെടുത്തതിന്റെ ഭാഗമായി 455 കോടി രൂപയുടെ വികസന പ്രവർത്തനമാണ് നടത്താൻ പോകുന്നത്. ഇതു കഴിയുന്നതോടു

കൂടി അടിസ്ഥാനസൗകര്യങ്ങൾ യാഥാർത്ഥ്യമാകുകയും 2012-ലെ സാഫ് ഗെയിംസും 2019-ലെ ഏഷ്യൻ ഗെയിംസും കേരളത്തിന് ബിഡ് ചെയ്യാൻ കഴിയുകയും ചെയ്യും. ഇക്കാര്യങ്ങൾക്കെല്ലാം അടിത്തറയായിട്ടുള്ള ഈ നിയമത്തിൽ പ്രായോഗികതയുടെ അടിസ്ഥാനത്തിലാണ് ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

2010-ലെ കേരളാ സ്പോർട്സ് (ഭേദഗതി) ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(2) <u>2009-ലെ കേരള ട്രേഡ് യൂണിയനുകളുടെ അംഗീകരണം ബിൽ</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ.പി.കെ.ഗുരുദാസൻ):</u> 2009-ലെ കേരള ട്രേഡ് യൂണിയനുകളുടെ അംഗീകരണം ബിൽ അവതരിപ്പിക്കുന്നു.

<u>മി.സ്പീക്കർ</u>: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ.പി.കെ.ഗുരുദാസൻ):</u> 2009-ലെ കേരള ട്രേഡ് യൂണിയനുകളുടെ അംഗീകരണം ബിൽ ഭക്ഷ്യവും ഭവന നിർമ്മാണവും തൊഴിലും സംബന്ധിച്ച VII -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.പി.കെ.ഗുരുദാസൻ): കേരളചരിത്രത്തിലെ സുപ്രധാന നിയമനിർമ്മാണമാണിത്. 29 വർഷത്തെ പാരമ്പര്യമാണ് ഈ ട്രേഡ് യൂണിയൻ ബില്ലിനുള്ളത്. ട്രേഡ് യൂണിയൻ പ്രവർത്തനം സുഗമമാക്കുന്നതിനും തൊഴിലിന്റെ മൗലികമായ അവകാശം സംരക്ഷിക്കുന്നതിനും വേണ്ടിയുള്ള നിയമനിർമ്മാണമാണിത്. മുതലാളിമാർ തൊഴിൽ നിയമങ്ങൾ ലംഘിക്കാനും നിലവിലുള്ള നിയമങ്ങൾതന്നെ ഭേദഗതി ചെയ്യാനും പരിശ്രമിക്കുകയാണ്. തൊഴിലുടമ വർഗ്ഗത്തിന് കേന്ദ്രത്തിലെ ഭരണാധികാരികൾ എല്ലാ ഒത്താശയും ചെയ്തുകൊടുക്കുകയാണ്. ഈ പശ്ചാത്തലത്തിൽ 1947-ലെ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിന്റെ വ്യവസ്ഥകൾ സംരക്ഷിക്കുന്നതിനുവേണ്ടി പുതിയൊരു നിയമം കേരളത്തിൽ പാസ്സാക്കി നടപ്പിലാക്കേണ്ടതുണ്ടെന്ന് ഈ ഗവൺമെന്റ് കരുതുന്നു. ഇത് നിയമസഭയിൽ അവതരിപ്പിക്കുന്നതിന് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം ആവശ്യമാണ്. എന്നാൽ ഈ ബില്ലിന്റെ അർജൻസി കണക്കിലെടുത്ത് ഈ നിയമം ആദ്യം നിയമസഭയിൽ അവതരിപ്പിക്കുകയും സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തുവെങ്കിലും നിയമത്തിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിരുന്നില്ല. ട്രേഡ് യൂണിയനുകളുടെ പ്രവർത്തനം തൊഴിലുടമാവർഗ്ഗം നിഷേധിക്കുന്ന സാഹചര്യത്തിൽ നിയമത്തിന്റെ പ്രസക്തി വളരെയധികം ഉയർന്നുവരികയാണ്. തൊഴിലാളികളെ കാഷ്വൽ, ടെമ്പററി, അപ്രന്റീസ് എന്നീ നിലകളിൽ തരംതിരിച്ച് അവരുടെ തൊഴിൽ സ്ഥിരത നഷ്ടപ്പെടുത്തുന്നു. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിലെ 'വർക്ക്മെൻ' എന്ന നിർവ്വ

ചനത്തിൽപ്പെട്ട എല്ലാ തൊഴിലാളികളെയും ഈ നിയമത്തിന്റെ പരിരക്ഷ യിൽ കൊണ്ടുവന്ന് അവരുടെ ജനാധിപത്യ അവകാശങ്ങൾ സംരക്ഷിക്കപ്പെ ടുന്നു. നിയമപരമായ പരിരക്ഷ ഈ നിയമം വഴി ലഭ്യമാക്കുന്നതിന് വളരെ യധികം തടസ്സങ്ങൾ നിലവിലുണ്ട്. ട്രേഡ് യൂണിയനുകളുടെ ബാഹുല്യം പര മാവധി കുറയ്ക്കണമെന്ന ആവശ്യം കണക്കിലെടുത്താണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്. വ്യവസായ സ്ഥാപനങ്ങളിൽ 15 ശതമാനം പ്രാതിനി ധ്യമുള്ള ട്രേഡ് യൂണിയന് അംഗീകാരം ലഭ്യമാകത്തക്ക വിധത്തിൽ പരമാ വധി എല്ലാ തൊഴിലാളി സംഘടനകൾക്കും അവസരം നൽകിക്കൊണ്ടാണ് ഈ നിയമം സാധ്യമാകുന്നത്. 50 തൊഴിലാളികൾ പണിയെടുക്കുന്ന ഏതൊരു വ്യവസായ സ്ഥാപനത്തിനും ഇത് ബാധകമാണ്. 50 തൊഴിലാളി കളിൽ താഴെ പണിയെടുക്കുന്ന സ്ഥാപനത്തിനും ഗവൺമെന്റിന് 60 ദിവ സത്തെ നോട്ടീസ് കൊടുത്തുകൊണ്ട് ഈ നിയമം ബാധകമാക്കാൻ കഴി യും. കേന്ദ്രഗവൺമെന്റ് അംഗീകരിച്ച ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിന് വിരുദ്ധമാകാത്ത വിധത്തിലായിരിക്കണം ഈ നിയമം കൊണ്ടുവരേണ്ടത് എന്നുള്ളതുകൊണ്ട് വിശദമായ ചർച്ചകൾക്കും പഠനങ്ങൾക്കുംശേഷം കേന്ദ്രഗവൺമെന്റിന് അയച്ച് ഒരുവർഷവും അഞ്ച് മാസവും പിന്നിട്ടപ്പോൾ അത് നിയമസഭയിൽ അവതരിപ്പിക്കാൻ അനുമതി നൽകുകയുണ്ടായി. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: 2009-ലെ കേരള ട്രേഡ് യൂണിയനുകളുടെ അംഗീകരണം ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-4-2010- വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ ബിൽ പൊതുവേ സ്വാഗതാർഹമാണ്. അത് പാസ്സാക്കുകതന്നെവേണം. 1981-ൽ

നിയമസഭയിൽ അവതരിപ്പിച്ച ഈ ബിൽ കേന്ദ്രത്തിന്റെ അംഗീകാരം ലഭ്യ മാകാത്ത സാഹചര്യത്തിലാണ് നിയമമാകാതെ പോയത്. ഈ ബിൽ നിയമ മാക്കാൻ തയ്യാറായ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുന്നു. ഇക്കാര്യ ത്തിൽ രാഷ്ട്രീയം കലർത്തുന്നത് ശരിയല്ല. കേന്ദ്രഗവൺമെന്റിന്റെ പോളിസി തൊഴിൽ സമരങ്ങൾ പരമാവധി കുറയ്ക്കണമെന്നതാണ്. തൊഴിലാളികളുടെ അവകാശങ്ങൾ പരമാവധി നേടിയെടുക്കാൻ സാധിക്കണം. ബില്ലിന്റെ ഉദ്ദേശ്യം യൂണിയനുകളുടെ ബാഹുല്യം തടയുക എന്നതാണ്. ഒരു സ്ഥാപനത്തിലെ തൊഴിലാളികളെ ഒരൊറ്റ വർഗ്ഗമായി കാണാത്ത നിലപാടിനെ തടയുകയാണ് ഈ നിയമം കൊണ്ടുദ്ദേശിക്കുന്നത്. തൊഴിലാളികളെ ബാധിക്കുന്ന നിയമ നിർമ്മാണമെന്നതിനാൽ സെൻട്രൽ ട്രേഡ് യൂണിയൻ നേതാക്കളുമായി ചർച്ച നടത്തി അവരെ വിശ്വാസത്തിലെടുക്കാത്തത് ശരിയായ നടപടിയല്ല. അതുപോലെ ഇൻഡസ്ട്രിയൽ റിലേഷൻസ് ബോർഡിലും ചർച്ച ചെയ്യാമായിരുന്നു. ഈ നിയമത്തിലെ 1-ാം വകുപ്പിലെ 3 (എ) പ്രകാരം അമ്പതോ അതിലധികമോ തൊഴിലാളികളുള്ള സ്ഥാപനങ്ങൾക്കാണ് ഈ നിയമം ബാധകമാക്കുന്നത്. മുതലാളിമാർ ഒരിക്കലും 50 തൊഴിലാളികളെ വയ്ക്കാൻ തയ്യാറാകില്ല. അതിനാൽ 50 എന്നുള്ളത് മാറ്റി 25 തൊഴിലാളികളുള്ള സ്ഥാപനങ്ങക്കുകൂടി നിയമം ബാധകമാക്കണം. 4-ാം വകുപ്പിലെ (2)-ാം ഉപവകുപ്പ് അനുസരിച്ച് കാറ്റഗറി വ്യത്യാസമില്ലാതെ എല്ലാ തൊഴിലാളികൾക്കും യൂണിയനിൽ മെമ്പർഷിപ്പിന് അവസരം ഉണ്ടാകണം. 4(2)-ന് വ്യക്തത വരുത്തണം 'യാതൊരു കാരണവശാലും കാറ്റഗറി യൂണിയൻ അനുവദിക്കില്ല എന്ന് വ്യക്തമായി പറയണം. 5-10 വകുപ്പിലെ 4-10 ഉപവകുപ്പനുസരിച്ച് ഒരു തദ്ദേശപ്രദേശത്തെ

വ്യവസായസ്ഥാപനത്തിൽ 50 ശതമാനത്തിലധികം വരുന്ന തൊഴിലാളികളെ പ്രതിനിധീകരിക്കുന്ന യൂണിയൻ സോൾ ബാർഗെയിനിംഗ് ഏജന്റാണ്. ഒരു യൂണിയൻ സോൾ ബാർഗെയിനിംഗ് ആകുമ്പോഴുള്ള പ്രത്യേകത ഒരു തദ്ദേശ പ്രദേശത്തെ ഇൻഡസ്ട്രി നോട്ടിഫൈ ചെയ്തു കഴിഞ്ഞാൽ അതിൽ 10 ശതമാനം തൊഴിലാളികളുണ്ടെങ്കിൽ അവർക്കും അതിൽ അംഗീകാരം ഉണ്ട്. അങ്ങനെ വരുമ്പോൾ മറ്റുള്ള യൂണിയനുകളെ കൂടാതെ എഗ്രിമെന്റ് ഒപ്പിടാനും നടപ്പാക്കാനുമുള്ള അധികാരം സോൾ ബാർഗെയിനിംഗ് ഏജന്റിന് ഉണ്ടാകുന്നു. അതുകൊണ്ട് 50 ശതമാനത്തിലധികമെന്നത് 60 ശതമാനത്തിലധികം എന്നെങ്കിലുമാക്കണം. ട്രേഡ് യൂണിയന് അംഗീകരണ സർട്ടിഫിക്കറ്റ് നൽകുന്നതിന് രജിസ്ട്രാർ വിസമ്മതിക്കുകയോ സർട്ടിഫിക്കറ്റ് റദ്ദാക്കുകയോ ചെയ്താൽ യൂണിയന് അപ്പലേറ്റ് ട്രിബ്യൂണലിൽ അപ്പീൽ കൊടുക്കുന്നതു സംബന്ധിച്ചാണ് 7-ാം വകുപ്പിൽ പറയുന്നത്. അപ്രകാരം അപ്പീൽ കിട്ടിയാൽ ട്രൈബ്യൂണൽ അതിന്മേൽ വിധി പറയുന്നതിന് ടൈം ലിമിറ്റ് വയ്ക്കണം. സമയം നിഷ്ക്കർഷിച്ചില്ലെങ്കിൽ ഇക്കാര്യത്തിൽ കാലതാമസം നേരിടാനിടയാകും. 8-ാം വകുപ്പിൽ സമ്മതിദാനത്തിനുള്ള അർഹതയായി പറയുന്ന 18 വയസ്സിന് മുകളിൽ പ്രായമുള്ളത് എന്നത് അംഗീകരിക്കാവുന്നതാണ്. പല സ്ഥാപനങ്ങളിലും പന്ത്രണ്ടുമാസക്കാലയളവിൽ 120 ദിവസം ജോലി ഉണ്ടാവില്ല. ചില സ്ഥാപനങ്ങളിലൊക്കെ മസ്റ്റർ റോൾ തന്നെയുണ്ടാവില്ല. ഇത് മുതലാളിമാർക്ക് ശരിക്കും ദുരുപയോഗപ്പെടുത്താൻ സാധിക്കും. അതുകൊണ്ട് സമ്മതിദാനത്തിനുള്ള അർഹത ഒരു തെരഞ്ഞെടുപ്പ് നടത്തുന്നതിന് പ്രഖ്യാപിച്ച തീയതിക്ക് തൊട്ടുമുമ്പുള്ള പന്ത്രണ്ടു മാസക്കാലയളവിൽ 120 ദിവസം

സേവനത്തിലുണ്ടായിരിക്കണം എന്നത് 'പന്ത്രണ്ടു മാസക്കാലയളവിൽ 30 ദിവസത്തെ സേവനം ഉണ്ടായിരിക്കണം' എന്നാക്കണം. നാഷണൽ ഫെസ്റ്റിവൽ ആന്റ് ഹോളിഡേയ്സ് ആക്ട് അനുസരിച്ചും ക്വാളിഫൈയിംഗ് പീരിയഡ് 30 ദിവസമാണ്. ചെക്ക് ഓഫ് സിസ്റ്റം യൂണിയൻ തൊഴിലാളികൾക്ക് തന്നെ വിട്ടുകൊടുക്കണം. ഒരു നോട്ടീസോ സ്റ്റേറ്റ്മെന്റോ രജിസ്ട്രാർക്ക് കൊടുക്കുന്നതിൽ വീഴ്ച വന്നാൽ ഒരു യൂണിയനിൽ ഇത്തരം കാര്യങ്ങൾക്ക് അധികാരപ്പെടുത്തുന്ന ആളിൽനിന്ന് ഫൈൻ ഈടാക്കണം. അല്ലാതെ എക്സിക്യൂട്ടീവ് മെമ്പർമാരിൽ നിന്ന് ഈടാക്കരുത്. ഈ നിയമം സെലക്ട് കമ്മിറ്റിക്ക് വിട്ട് കുറ്റമറ്റതാക്കാൻ ശ്രമിക്കണം.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : 2009-ലെ കേരള ട്രേഡ് യൂണിയനുകളുടെ അംഗീകരണം ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കാറ്റഗറി തിരിച്ചുള്ള യൂണിയനുകൾ രൂപീകരിക്കുന്നത് പ്രോത്സാഹിപ്പിക്കാൻ പാടില്ല. ഇൻഡ്യയിൽ മുപ്പത്തിമൂവായിരത്തിൽപ്പരം ട്രേഡ് യൂണിയനുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ 11664 ട്രേഡ് യൂണിയനുകൾ കേരളത്തിൽ മാത്രം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവിടെ യൂണിയനുകളുടെ എണ്ണം കുറയ്ക്കേണ്ടത് ആവശ്യമാണ്. തൊഴിലാളികളെ സഹായിക്കാനുള്ള ഭേദഗതികളാണ് ഈ ബില്ലിലുള്ളത്. തൊഴിലാളികളുടെ പൊതുതാൽപ്പര്യങ്ങൾ സംരക്ഷിക്കുകയും അവരെ ഒറ്റുകൊടുക്കുന്ന നടപടികൾ പിൻവലിക്കുകയും ചെയ്യണം. 5-ാം വകുപ്പിലെ (7)-ാം ഉപവകുപ്പിൽ "ഒരു ജോയിന്റ് ബാർഗെയിനിംഗ് കൗൺസിലിൽ ഒരു പ്രിൻസിപ്പൽ ബാർഗെയിനിംഗ് ഏജന്റ് ഉള്ളിടത്ത്

ബന്ധപ്പെട്ട വ്യാവസായിക സ്ഥാപനത്തിലോ, ഒരു തദ്ദേശ പ്രദേശത്തെ ഒരു വിഭാഗത്തിൽപ്പെട്ട വ്യവസായത്തിലോ, അതതുസംഗതിപോലെ, ഒരു കക്ഷിയെന്നപോലെ പ്രിൻസിപ്പൽ ബാർഗെയിനിംഗ് ഏജന്റിനെക്കൂടാതെ യാതൊരു ഒത്തുതീർപ്പിലും എത്തുവാൻ പാടുള്ളതല്ല" എന്ന് പറഞ്ഞിരിക്കുന്നതിൽ വ്യക്തത വരുത്തണം. തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കാൻ ചെക്കപ്പ് സിസ്റ്റം അവസാനിപ്പിക്കണം. വ്യവസായത്തിൽ മാനേജ്മെന്റിന്റെ ഇഷ്ടത്തിന് കാര്യങ്ങൾ ചെയ്യുന്നത് ഒഴിവാക്കി തൊഴിലാളി പങ്കാളിത്തംകൂടി ഉറപ്പുവരുത്തിക്കൊണ്ട് മാനേജ്മെന്റുകൾ പുന:സംഘടിപ്പിക്കാനുള്ള വ്യവസ്ഥ നിയമത്തിൽ ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കണം.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : തൊഴിലാളി സംഘടനകളുടെ ബാഹുല്യം കുറയ്ക്കുന്ന ചില പരാമർശങ്ങൾ ഈ ബില്ലിലുണ്ടെങ്കിലും ചില ആശങ്കകളുമുണ്ട്. തൊഴിലാളികളുടെ സംഘശക്തിയാണ് ട്രേഡ് യൂണിയൻ. കേരളത്തിലെ പ്രധാനപ്പെട്ട ട്രേഡ് യൂണിയനുകളുടെ അഭിപ്രായം ആരാഞ്ഞ ശേഷമായിരുന്നു ഈ ബില്ല് തയ്യാറാക്കേണ്ടിയിരുന്നത്. തൊഴിലാളി സംഘടനകളെ അംഗീകരിക്കുന്നതിനുപകരം കാറ്റഗറി തിരിച്ച് ഭിന്നിപ്പിക്കുന്ന കാര്യങ്ങളാണ് ഈ ബില്ലിലുള്ളത്. അഞ്ചാം വകുപ്പിന്റെ നാലാം ഉപവകുപ്പിൽ ട്രേഡ് യൂണിയൻ അമ്പതുശതമാനത്തിലധികമായി സമ്മതിദാനം കരസ്ഥമാക്കണമെന്നു പറയുന്നത് അറുപത് ശതമാനമാക്കിയില്ലെങ്കിൽ മഹാഭൂരിപക്ഷം വരുന്ന തൊഴിലാളികളുടെ അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന അവസ്ഥയുണ്ടാകും. ഏതെങ്കിലുമൊരു യൂണിയന് മേൽക്കോയ്മ വരുന്ന അവസ്ഥയുണ്ടാകരുത്.

<u>ശ്രീ. എൻ. രാജൻ:</u> ട്രേഡ് യൂണിയനുകളുടെ ബാഹുല്യം നിയന്ത്രിക്കേണ്ടത് അനിവാര്യമാണ്. പരമ്പരാഗത വ്യവസായ മേഖലയിലേയും ഐ.ടി. മേഖലയിലേയും തൊഴിലാളികൾ ഈ ബില്ലിന്റെ പരിധിയിൽ വരുമോ എന്നുള്ളത് സംബന്ധിച്ച് ഒരു ക്ലാരിഫിക്കേഷൻ ആവശ്യമാണ്. വളരെയധികം ചൂഷണങ്ങൾക്കും നീതി നിഷേധത്തിനും വിധേയരാകുന്ന കരാർ തൊഴിലാളികളെക്കൂടി ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരികയും ലേബർ കോൺട്രാക്ടറെ ഒഴിവാക്കുകയും വേണം. നാലാം വകുപ്പിന്റെ രണ്ടാം ഉപവകുപ്പിൽ ഒരു ട്രേഡ് യൂണിയൻ ഇപ്പോൾത്തന്നെ ഉണ്ടെങ്കിൽ ബന്ധപ്പെട്ട നിയോജകൻ ആ ട്രേഡ് യൂണിയന് അംഗീകരണം നൽകിയ തീയതി മുതൽ തൊട്ടടുത്തുവരുന്ന രണ്ടുവർഷക്കാലയളവിൽ യാതൊരു അപേക്ഷകളും സ്വീകരിക്കുവാൻ പാടുള്ളതല്ല എന്ന് പറയുന്നുണ്ട്. തൊഴിലാളികളുടെ സംരക്ഷണമാണ് ഉദ്ദേശിക്കുന്നതെങ്കിൽ അങ്ങനെയുള്ള റെക്കഗ്നിഷൻ കൊടുക്കണം. അഞ്ചാം വകുപ്പിന്റെ നാലാം ഉപവകുപ്പിൽ ട്രേഡ് യൂണിയൻ "അമ്പതുശതമാനത്തിലധികമായ സമ്മതിദാനം കരസ്ഥമാക്കണമെന്നു" പറയുന്നത് "അറുപത് ശതമാനത്തിലധികമായി" എന്ന് ഭേദഗതി ചെയ്യണം. അങ്ങനെ ചെയ്തില്ലെങ്കിൽ ഭൂരിപക്ഷം വരുന്ന തൊഴിലാളികളുടെ വോട്ടവകാശം നിഷേധിക്കപ്പെടുന്ന അവസ്ഥയുണ്ടാകും. 50% അല്ലെങ്കിൽ 60% ഇല്ലാത്തവർക്ക് ഒരു ജോയിന്റ് ബാർഗെയിനിംഗ് കൗൺസിലുണ്ടാക്കാം, അല്ലെങ്കിൽ പ്രിൻസിപ്പൽ ബാർഗെയിനിംഗ് ഏജന്റുണ്ടാക്കാം. സോൾ ബാർഗെയിനിംഗ് ഏജന്റ് ഇല്ലാത്ത സമയത്താണ് പ്രിൻസിപ്പൽ ബാർഗെയിനിംഗ് ഏജന്റ് വരുന്നത്. അപ്പോൾ പ്രിൻസിപ്പൽ ബാർഗെയിനിംഗ്

ഏജന്റും സോൾ ബാർഗെയിനിംഗ് ഏജന്റും തുല്യമായി വരും അതുകൊണ്ട് 50% എന്നുള്ളത് അറുപതോ അറുപത്തഞ്ചോ ശതമാനമാക്കണം. ഈ വ്യവസ്ഥയ്ക്ക് ഒരു വിശദീകരണം ആവശ്യമാണ്. ഒരു വർഷത്തിൽ ഒരു ദിവസം ഒരു വ്യവസായ സ്ഥാപനത്തിൽ പണിയെടുത്താൽ ഒരു യൂണിയനിൽ അംഗത്വം ലഭിക്കും. എന്നാൽ ആ യൂണിയനിലെ ഒരു തൊഴിലാളിക്ക് വോട്ടവകാശം ലഭിക്കണമെങ്കിൽ 120 ദിവസം ജോലിയുണ്ടായിരിക്കണമെന്ന് പറയുന്നത് ഔചിത്യമല്ല. അത് പരിശോധിക്കേണ്ടതാണ്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. ഗുരുദാസൻ):</u> നേവിയിലോ എയർഫോഴ്സിലോ പണിയെടുക്കുന്നവർ ഒഴികെ മറ്റെല്ലാ വിഭാഗത്തിൽപ്പെട്ട തൊഴിലാളികളും "വർക്ക്മെൻ" എന്ന ഡെഫനിഷനിൽ വരും. സമ്മതിദാനത്തിനുള്ള അർഹത എന്നുപറയുന്നത് 18 വയസ്സിന് മുകളിൽ പ്രായമുള്ളതും 120 ദിവസം സേവനത്തിലുള്ളതുമായ തൊഴിലാളികൾക്ക് ആണെന്നുപറയുമ്പോൾ സ്ഥാപനം അടച്ചുപൂട്ടൽ, ലോക്ക് ഔട്ട്, സമരം, ലേ ഓഫ് അല്ലെങ്കിൽ അവധി മുഖേന എന്തെങ്കിലും തടസ്സം ഉണ്ടായിട്ടുണ്ടെങ്കിൽ അത് സേവനമായി കണക്കാക്കുന്നതാണ്. അതനുസരിച്ച് കയർ, കശുവണ്ടി, കൈത്തറി, ടൈൽ ഫാക്ടറി തുടങ്ങിയ മേഖലകളിലെ തൊഴിലാളികളെല്ലാം ഇതിൽ വരും സോൾ ബാർഗെയിനിംഗ് ഏജന്റും പ്രിൻസിപ്പൽ ബാർഗെയിനിംഗ് ഏജന്റും തമ്മിൽ വ്യത്യാസമുണ്ട്. സോൾ ബാർഗെയിനിംഗ് ഏജന്റ് ഇല്ലാത്ത സ്ഥലത്ത് മാത്രമേ പ്രിൻസിപ്പൽ ബാർഗെയിനിംഗ് ഏജന്റ് വരുന്നുള്ളൂ. കേന്ദ്ര തൊഴിലാളി സംഘടനകളെ പരാജയപ്പെടുത്തുന്നതിന് പ്രാദേശികമായ ചില യൂണിയനുകൾ വിവിധ

പേരുകളിൽ ഗ്രൂപ്പുകളായി സംഘടിച്ച് കേന്ദ്രതൊഴിലാളി സംഘടനകളുടെ നിലനില്പിനെ ചോദ്യം ചെയ്ത പശ്ചാത്തലത്തിലാണ് ഭൂരിപക്ഷം തൊഴിലാളികളുടെ പ്രാതിനിധ്യമുള്ള സ്ഥലത്ത് സോൾ ബാർഗെയിനിംഗ് ഏജന്റിന് അവകാശം ഉണ്ടായിരിക്കും എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയത്. സബ്ജക്ട് കമ്മിറ്റിയുടെ പരിഗണന വേളയിൽ ഇത് വിശദമായി ചർച്ച ചെയ്യാം. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്നഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

2009-ലെ കേരള ട്രേഡ് യൂണിയനുകളുടെ അംഗീകരണം ബിൽ ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ വൈകുന്നേരം 4.45-ന് പിരിഞ്ഞു.

......................................